# മൊഴിപ്പത്തായം

ജില്ലാ വിദ്യാഭ്യാസ പരിശീലനകേന്ദ്രം (DIET)
വയനാട്, കേരളം

“The narratives of the world are numberless. Narrative is first and foremost a prodigious variety of genres, themselves distributed amongst different substances -- as though any material were fit to receive man’s stories. Able to be carried by articulated language, spoken or written, fixed or moving images, gestures, and the ordered mixture of all these substances; narrative is present in myth, legend, table, tale, novella, epic, history, tragedy, drama, comedy, mime, painting (think of Carpaccio’s *Saint Ursula*), stained-glass windows, cinema, comics, news item, conversation. Moreover, under this almost infinite diversity of forms, narrative is present in every age, in every place, in every society; it begins with the very history of mankind and there nowhere is nor has been a people without narraitve. All classes, all human groups, have their narratives, enjoyment of which is very often shared by men with different even opposing, cultural backgrounds. Caring nothing for the division between good and bad literature, narrative is international, transhistorical, transcultural: it is simply there, like life itself”.

***- A Roalnd Barthes***

## മൊഴിപ്പത്തായം തുറക്കുമ്പോൾ......

പുതിയ ഭാഷാപഠനരീതി കുട്ടികളുടെ ആശയവിനിമയശേഷികളെ ശക്തമാക്കിയിട്ടുണ്ട്. ഭാഷ പഠിപ്പിക്കേണ്ടതല്ലെന്നും ഭാഷാശേഷികളുടെ സമഗ്രവികാസത്തിലൂടെ ഭാഷ സ്വായത്തമാക്കുകയാണ് വേണ്ടതെന്നുമുള്ള നൂതനദർശനമാണ് നമുക്കുള്ളത്. ഈ ആശയങ്ങളാൽ പ്രേരിതമായ ക്ലാസ്റൂം പ്രവർത്തനങ്ങളാണ് നമുക്കുള്ളതെങ്കിലും പിഴവുകളില്ലാതെ എഴുതുന്നതിന് കുട്ടികളിലധികം പേർക്കും കഴിയുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ട്.

ഈ പോരായ്മയുടെ കാരണങ്ങളെക്കുറിച്ച് ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള പഠനസമീപനത്തിനനുസൃതമായി ഈ പോരായ്മ പരിഹരിക്കാനുള്ള ഒരു ചെറുശ്രമമാണ് ഈ പുസ്തകരചന. ജില്ലയിലെ പ്രഗത്ഭരായ ഒരുപറ്റം ഭാഷാധ്യാപകരുടെ കൂട്ടായ ആലോചനയിൽനിന്നുമാണ് ഈ പുസ്തകം രൂപംകൊണ്ടിട്ടുള്ളത്. പ്രശ്നപരിഹാരത്തിനുള്ള ഒറ്റമൂലി എന്ന നിലയിലല്ല ഇതിലെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഭാഷാപഠനസമീപനത്തിനനുസൃതമായിത്തന്നെയാണ് ഇതിലെ ഓരോ പ്രവർത്തനവും വിശദമാക്കിയിട്ടുള്ളത്. അവധാനതയോടെ ഇത് വായിക്കുകയും ചർച്ചചെയ്യുകയും സന്ദർഭാനുസൃതമായി വേണ്ട മാറ്റങ്ങളോടെ ഒരു ട്രൈ ഔട്ട് എന്ന നിലയിൽ പ്രയോഗിച്ചുനോക്കുകയുമാണ് വേണ്ടത്. ഈ അർത്ഥത്തിൽ 'മൊഴിപ്പത്തായം' സമർപ്പിച്ചുകൊള്ളുന്നു.

**ജോർജ്ജ് ജോസഫ്**
പ്രിൻസിപ്പാൾ, ഡയറ്റ്

## ഉള്ളടക്കം


- മുഖവുര 5
- എഴുത്തിലെ പിഴവുകൾ തിരുത്തുന്നതിന്
- ചില നിർദ്ദേശങ്ങൾ 7
- യൂണിറ്റ് I 10
  ആശയമേഖല - പ്രകൃതി
  (സംഭാഷണം, കവിത, യാത്രാവിവരണം)
- യൂണിറ്റ് II 16
  ആശയമേഖല : മാനവികത
  (നിവേദനം, നോട്ടീസ്, പോസ്റ്റർ, കത്ത്, ഡയറി)
- യൂണിറ്റ് III 24
  ആശയമേഖല : കുട്ടിക്കാലം
  (കഥ, സംഭാഷണം, ഡയറി, വിവരണം)
- യൂണിറ്റ് IV 31
  ആശയമേഖല : ജന്തുക്കൾ
  (നാടകം, സംഭാഷണം, ഡയറി, വിവരണം)
- യൂണിറ്റ് V 35
  വനസംരക്ഷണം
  (അഭിമുഖം)
- യൂണിറ്റ് VI 36
  ദേശീയബോധം
  (തൂലികാചിത്രം, നോട്ടീസ്, പത്രവാർത്ത)
- പരിഗണിച്ച വ്യവഹാരരൂപങ്ങൾ 44
- ഇനിയും പരിഗണിക്കപ്പെടേണ്ട വ്യവഹാരരൂപങ്ങൾ 45
- ഉൾപ്പെടുത്തിയ പാഠഭാഗങ്ങൾ 45
- ശിൽപ്പശാലയിൽ പങ്കെടുത്തവർ 46

# മുഖവുര

പാഠ്യപദ്ധതി നവീകരണത്തിന്റെ ഭാഗമായി ഭാഷാപഠനമേഖലയിൽ വിപുലവും അർത്ഥപൂർണ്ണവുമായ നിരവധി പൊളിച്ചെഴുത്തുകൾ നടന്നിട്ടുണ്ട്. ചോംസ്കി, വൈഗോട്സ്കി തുടങ്ങിയവരുടെ പഠനസിദ്ധാന്തങ്ങളും ഭാഷാസമഗ്രതാദർശനത്തിന്റെ അടിസ്ഥാനത്തിൽ ഭാഷാശേഷികളെ സമഗ്രമായി കാണുകയും ഭാഷാപഠനത്തിൽ ഭാഷാവ്യവഹാരരൂപങ്ങൾക്കു പ്രാധാന്യം നൽകുകയും ചെയ്തതുവഴിയാണ് പ്രകടമായ മാറ്റങ്ങൾ കണ്ടുതുടങ്ങിയത്. കുട്ടിയുടെ സർഗാത്മകശേഷി വികസനത്തിനും ബഹുമുഖ ബുദ്ധിശക്തിയുടെ പരിപോഷണത്തിനും സവിശേഷശ്രദ്ധ നൽകുംവിധമാണ് ഭാഷയടക്കമുള്ള വിവിധ വിഷയങ്ങളുടെ പാഠ്യപദ്ധതി രൂപീകരിക്കപ്പെട്ടിട്ടുള്ളത്. ഇതൊക്കെയാണെങ്കിലും കുട്ടികൾക്ക് തങ്ങളുടെ മനസ്സിലുദിക്കുന്ന ആശയങ്ങളെ ഫലപ്രദമായി ലേഖനത്തിലൂടെ വെളിപ്പെടുത്താൻ കഴിയുന്നില്ല എന്ന് വ്യാപകമായി പരാതികൾ ഉയരുന്നുണ്ട്. ഈ പ്രശ്നത്തെ ഗൗരവത്തോടെ തന്നെ പരിഗണിക്കേണ്ടതുമുണ്ട്. ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ ആശയവിനിമയശേഷികളെ ഒറ്റക്കൊറ്റയ്ക്കെടുത്തുകൊണ്ടുള്ള സാമ്പ്രദായികരീതി ഉപേക്ഷിക്കപ്പെട്ടുവെങ്കിലും ഇനിയുമവശേഷിക്കുന്ന ഈ പ്രശ്നത്തിന്റെ കാരണങ്ങളന്വേഷിക്കേണ്ടതില്ലേ? ഇത്തരമന്വേഷണത്തിനൊടുവിൽ രൂപീകരിക്കപ്പെട്ട ആശയങ്ങളുടെയും ധാരണകളുടെയും അടിസ്ഥാനത്തിലാണ് കുട്ടികളുടെ ലേഖനവൈഷമ്യം മുഖ്യവിഷയമായെടുത്തുകൊണ്ട് ഇത്തരമൊരു പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

കുട്ടിക്കു ലഭിക്കുന്ന അനുഭവങ്ങൾ തന്റെ സ്വന്തം രീതിയിൽ പുനഃസൃഷ്ടിക്കുവാനുള്ള കഴിവാണ് ലേഖനത്തിലൂടെ വികസിക്കേണ്ടത്. സ്വന്തം നിഗമനങ്ങൾ രൂപീകരിക്കുകയും ആശയങ്ങളെ ക്രോഡീകരിക്കുകയും ചെയ്യുന്നതിനുള്ള ശേഷി നേടുന്നതുവഴിയാണ് ലേഖനം പിഴവറ്റതാകുന്നത്. തന്റെ ആശയങ്ങളെ മറ്റുള്ളവർക്കു വായിച്ചുമനസ്സിലാക്കുവാൻ കഴിയണം. ചിന്തകൾ, വികാരങ്ങൾ എന്നിവയെ സർഗ്ഗാത്മകമായി ആവിഷ്ക്കരിക്കുവാനും കുട്ടിക്കു കഴിയണം. അക്ഷരത്തെറ്റ്, വാക്യഘടനയിലെ പിഴവുകൾ, ശൈലീപരമായ പോരായ്മകൾ തുടങ്ങി ലേഖനത്തിൽ സംഭവിക്കാനിടയുള്ള തെറ്റുകൾ നിരവധിയാണ്. ഇവ പരിഹരിക്കുന്നതിന് ഒറ്റമൂലികൾ നിർദ്ദേശിക്കുക സാധ്യമല്ല. എങ്കിലും പ്രശ്നം പരിഹരിക്കുകതന്നെ വേണം. ഇതിനുള്ള ചില വഴികളാണ് ഈ പുസ്തകത്തിൽ പരാമർശിക്കുന്നത്.

പാഠ്യപദ്ധതി നവീകരണത്തിനു മുൻപും ഈ പ്രശ്നം നിലനിന്നിരുന്നുവെന്ന് നമുക്കറിയാം. അക്ഷരത്തെറ്റ് പരിഹരിക്കാൻ "അക്ഷരപ്പുലരി" പോലെയുള്ള സംരംഭങ്ങൾ നടന്നിരുന്നതായി ഓർമ്മിക്കുമല്ലോ. അക്ഷരം, പദം, വാക്യം എന്നതായിരുന്നു പരമ്പരാഗതരീതിയുടെ മാർഗം. ഈ രീതിയുടെ പോരായ്മകൾ നിരവധി സന്ദർഭങ്ങളിൽ അധ്യാപക സമൂഹം ചർച്ചചെയ്തിട്ടുണ്ട്. പുതിയ ഭാഷാപഠനസമീപനം ഈ രീതി പാടേ ഉപേക്ഷിക്കുകയാണുണ്ടായത്. ഭാഷയെ സമഗ്രമായി കണ്ടുകൊണ്ടുള്ളതാണ് പുതുസമീപനം. ഭാഷാവ്യവഹാരരൂപങ്ങൾക്കു പ്രാധാന്യം നൽകുന്ന രീതി

യാണ് ഇപ്പോൾ നിലവിലുള്ളത്.

**എന്തുകൊണ്ട് ഭാഷാവ്യവഹാരരൂപങ്ങൾ?**

വ്യവഹാരരൂപങ്ങളിലാണ് ഭാഷ നിലനിൽക്കുന്നത്. ആശയവിനിമയം, ഭാഷാപരമായ ബുദ്ധി, വ്യക്തിത്വവികസനം, സാമൂഹ്യബന്ധം, സാംസ്കാരികബോധം എന്നിവയെല്ലാം സാർത്ഥകമാകുന്നത് വ്യവഹാരരൂപങ്ങളിലാണ്. അക്ഷരം, പദം, വാക്യം എന്നിവയിലല്ല ഉചിതമായ രീതിയിൽ രൂപീകരിക്കുമ്പോഴാണ് അവ അർത്ഥപൂർണ്ണമാകുന്നത്. പ്രത്യേക സന്ദർഭങ്ങളിൽ ആശയങ്ങളെ അർത്ഥപൂർണ്ണമായി വിനിമയം ചെയ്യുന്നതിനുള്ള ഫലപ്രദമായ ഉപാധിയാണ് വ്യവഹാരരൂപം. ഇതിലൂടെ ശ്രവണം, ഭാഷണം, വായന, ലേഖനം തുടങ്ങിയ അടിസ്ഥാന നൈപുണികൾ വികസിക്കും. വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെയുള്ള ഭാഷാശേഷീവികസനത്തിനാണ് ഊന്നൽ നൽകുന്നത്. ഇതിനായി ലഭിക്കുന്ന പഠനാനുഭവങ്ങൾ അടിസ്ഥാന ഭാഷാശേഷികളെ സമഗ്രമായി കണ്ടുകൊണ്ടുള്ള ഭാഷാർജ്ജനസന്ദർഭങ്ങളായിരിക്കണം. ഭാഷാവ്യവഹാരരൂപങ്ങൾ പ്രയോജനപ്പെടുത്തുന്ന പഠനമുറി ഇത്തരം പഠനാനുഭവങ്ങളാണ് വാഗ്ദാനം ചെയ്യുന്നത്.

**അധ്യാപകരോട്**

കുട്ടികളുടെ ലേഖനവൈഷമ്യം പരിഹരിക്കുന്നതിനുള്ള ഒരു ട്രൈ ഔട്ട് മാതൃകയാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം. നാലാംതരത്തിലെ പാഠപുസ്തകത്തെ അവലംബമാക്കിയാണ് മാറ്റർ തയ്യാറാക്കിയിട്ടുള്ളത്. വ്യത്യസ്ത പാഠഭാഗങ്ങളെ തീമുകളുടെ അടിസ്ഥാനത്തിൽ സംയോജിപ്പിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ രൂപീകരിച്ചിട്ടുള്ളത്. പാഠ്യപദ്ധതി സമീപനത്തിലൂടെയും പരിശീലനപരിപാടികളിലൂടെയും വിശദമാക്കപ്പെട്ടിട്ടുള്ള ആശയങ്ങൾ തന്നെയാണ് പ്രവർത്തനങ്ങളായി രൂപപ്പെടുത്തിയിട്ടുള്ളത്. ഈ പുസ്തകത്തിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പ്രത്യേകം സമയം കണ്ടെത്തണമെന്നില്ല. പാഠങ്ങളോരോന്നും പിന്നിടുന്ന മുറയ്ക്ക് ഈ പ്രവർത്തനങ്ങൾ പരിഗണിച്ചാൽ മതിയാകും. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി വ്യത്യസ്ത് വ്യവഹാരരൂപങ്ങൾ കണ്ടെത്തുകയും പ്രക്രിയാബന്ധിതമായി അവയുടെ നടത്തിപ്പ് വിശദമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഏതാണ്ടെല്ലാ പ്രവർത്തനങ്ങൾക്കും സമാനമായ പ്രക്രിയാഘട്ടങ്ങളാണുള്ളതെങ്കിലും ഓരോ പ്രവർത്തനത്തിനും ശേഷം പ്രക്രിയകൾ സൂചിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്ക് മടുപ്പുണ്ടാകാത്തവിധം വൈവിധ്യപൂർണ്ണമായി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമല്ലോ. പ്രവർത്തനങ്ങൾ മുന്നേറുന്നതിനനുസരിച്ച് ഇടക്കാലവിലയിരുത്തലുകൾ നടത്തണം. പ്രായോഗികമായ വൈഷമ്യങ്ങൾ, നേട്ടങ്ങൾ എന്നിവ കുറിച്ചുവെയ്ക്കണം. നിരന്തരമൂല്യനിർണ്ണയത്തിലൂടെ കുട്ടിയുടെ പഠനനേട്ടം, പ്രവർത്തനത്തിന്റെ നേട്ടങ്ങൾ, പോരായ്മകൾ, ടീച്ചറുടെ ഇടപെടലുകൾ എന്നിവ വിലയിരുത്തണം. ഇങ്ങനെ രൂപീകരിക്കപ്പെടുന്ന വിലയിരുത്തലുകൾ ഡയറ്റിനെ അറിയിക്കാൻ ശ്രമിക്കുമല്ലോ.

**- എഡിറ്റർ**

# എഴുത്തിലെ പിഴവുകൾ തിരുത്തുന്നതിന് ചില നിർദ്ദേശങ്ങൾ

കുട്ടികളുടെ രചനകളിൽ ധാരാളം പിഴവുകളുണ്ടാകാം. കുട്ടികളുടെ ആത്മവിശ്വാസം തകർക്കുംവിധമുള്ള ശാസനകളോ, വെട്ടിത്തിരുത്തലുകളോ ഇതിനു പരിഹാരമാവില്ല. തെറ്റുകൾ സ്വയം കണ്ടെത്തി തിരുത്തുന്നതിനുള്ള അവസരമൊരുക്കുകയാണ് വേണ്ടത്. സാധാരണ കണ്ടുവരുന്ന പിഴവുകൾ എന്തൊക്കെയാണ്?

- വാക്കുകൾക്ക് അകലമില്ല.
- ചിഹ്നനം ശരിയല്ല (പൂർണ്ണവിരാമം, അർദ്ധവിരാമം, ആശ്ചര്യചിഹ്നം, ചോദ്യചിഹ്നം മുതലായവ)
- സ്വരചിഹ്നങ്ങൾ മാറിപ്പോകുന്നു.
  (ഉദാ : ഏകാരം ഓകാരമാവുന്നു)
- കർത്താവ് ആവർത്തിക്കപ്പെടുന്നു.

കുട്ടികളുടെ രചനകൾ ചാർട്ടുപേപ്പറിലെഴുതി പൊതുചർച്ചയിലൂടെ പോരായ്മകൾ തിരിച്ചറിയുന്നതിന് അവസരം നൽകണം. കുട്ടികൾ തന്നെ തെറ്റുകൾ വിലയിരുത്തുന്ന തിനുള്ള സൂചകങ്ങൾ വികസിപ്പിക്കണം. ഓരോ ഘട്ടത്തിലും ഇത്തരത്തിലുള്ള സൂചക ങ്ങൾ ജൈവികമായി രൂപപ്പെടണം.

- വാക്കുകൾ തമ്മിൽ അകലമുണ്ടായിരിക്കണം.
- അനുയോജ്യമായ ചിഹ്നങ്ങൾ ചേർക്കണം.
- സ്വരചിഹ്നങ്ങൾ കൃത്യമായിരിക്കണം.

ഇത്തരത്തിൽ സൂചകങ്ങൾ വികസിച്ചുവരികയും ഇതിന്റെ അടിസ്ഥാനത്തിൽ സ്വയം തിരുത്തുന്നതിന് അവസരം നൽകുകയും വേണം.

**എഡിറ്റിംഗ് :** വ്യക്തിഗത രചനകൾക്കുശേഷം രൂപപ്പെടുന്ന ഗ്രൂപ്പുരചനകളാണ് എഡി റ്റിംഗിനു വിധേയമാക്കേണ്ടത്. ഗ്രൂപ്പു രചനകളിൽ പൊതുവെ മികച്ചതെന്ന് കുട്ടികൾ വിലയിരുത്തിയവയാണ് വീണ്ടും എഡിറ്റിംഗിനായി പരിഗണിക്കേണ്ടത്.

- വാക്യഘടനാപരമായ പിഴവുകൾ പൊതുവെ കുറവായിരിക്കും.
- ആശയതലത്തിലെ തെറ്റുകളുടെ പരിഹാരത്തിന് ടീച്ചർ നൽകുന്ന മാതൃകകൾ ഏറ്റവും പ്രധാനമാണ്.
- ശൈലീപരമായ എഡിറ്റിംഗിനും അവസരമുണ്ടാകണം.
- കഥയെഴുതുമ്പോൾ കുട്ടികൾ വാക്യത്തിന്റെ സ്വാഭാവികഘടനയിൽ ചില വ്യതിയാനങ്ങൾ വരുത്താറുണ്ട്.
  ഉദാ : കണ്ടു ഞാൻ സീതയെ.
- ചിലപ്പോൾ ചില പദങ്ങൾ സന്ദർഭത്തിനു യോജിക്കാത്തവിധം പ്രയോഗിച്ചു എന്നും വരാം. ഇവയൊക്കെ പൊതുചർച്ചയിലൂടെ പരിഹരിക്കാവുന്നതാണ്.

**പുനരുക്തിദോഷം :** മഴ പെയ്തതുകൊണ്ടാണ് ഞാൻ ക്ലാസിൽ വരാത്തതിനു കാരണം. ഇത്തരം വാക്യങ്ങളും എഴുതിക്കാണാറുണ്ട്.

ഈ വാചകം മറ്റേതെങ്കിലും വിധത്തിൽ പറയാമോ?

ഇവിടെ അധികപദങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ?

ഈ ചോദ്യങ്ങളിലൂടെ സ്വയം തിരുത്താനവസരം നൽകാം. കുട്ടികൾക്ക് തിരുത്താനാവുന്നില്ലെങ്കിൽ ടീച്ചർക്ക് നേരിട്ടിടപെടാവുന്നതാണ്.

ശൈലീപരമായ പ്രയോഗങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ചെടുക്കുന്നതാണ്. അത് സ്വായത്ത (acquire)മാക്കുന്നതല്ല, അതുകൊണ്ടുതന്നെ ശരിയായ മാതൃകകൾ നൽകാവുന്നതാണ്.

**<u>സർവ്വനാമങ്ങൾ :</u>**

രവി പോയി.

രവി കടയിൽ പോയി.

രവി സിനിമ കണ്ടു.

ഇവിടെ രവി എന്ന് ആവർത്തിച്ചുകൊണ്ടിരിക്കണമോ?

- അവൻ
- അയാൾ
- അദ്ദേഹം

സമത്വം, ബഹുമാനം തുടങ്ങിയവ സന്ദർഭാനുസൃതം ബോധ്യമാവുകയും അതിനനുസരിച്ച് സർവ്വനാമങ്ങൾ ഉപയോഗിക്കുകയും വേണമെന്ന ധാരണ കുട്ടികൾക്ക് നൽകാൻ കഴിയണം.

**അക്ഷരത്തെറ്റ്:** ചിഹ്നം, ചിഹ്നനം (Punctuation), വാക്കുകളുടെ അകലം മുതലായവ ഒരു കാറ്റഗറിയായി പരിഗണിക്കാവുന്നതാണ്. ഈ മേഖലയിൽ തെറ്റുകളുണ്ടാവുക സ്വാഭാവികമാണ്. വാമൊഴിപോലെ സ്വാഭാവികമല്ലല്ലോ എഴുത്ത്. എഴുത്ത് സാങ്കേതികമായി രൂപപ്പെടുത്തുന്ന ആശയവിനിമയ ഉപാധിയാണ്. എഴുതിത്തുടങ്ങുമ്പോൾ കുട്ടികൾക്ക് ആത്മവിശ്വാസമുണ്ടാക്കുകയാണ് വേണ്ടത്. ചില ഘട്ടങ്ങളിൽ നേരിട്ടുള്ള തിരുത്തലുകളുമാവാം.

ഉദാ : 'നഖം' എന്നതിന് 'നഗം' എന്നെഴുതിയെന്നിരിക്കട്ടെ.

'ഖ' വേണോ 'ഗ' വേണോ എന്നു ചോദിക്കാം.

കുട്ടികൾ ഉത്തരം പറയുന്നില്ലെങ്കിൽ 'ഖ' ചൂണ്ടിക്കാണിക്കാം. ഉച്ചാരണത്തിൽ ശ്രദ്ധിക്കുകയും വേണം.

'വലിയ' എന്നതിന് 'വലയ' എന്നെഴുതിയെന്നിരിക്കട്ടെ.

വലയ അടിവരയിടുക - കുട്ടികൾ സ്വയം പരിശോധിക്കട്ടെ.

**ചിഹ്നം ചേർക്കൽ :** ചിഹ്നം ചേർക്കൽ കുട്ടികളുടെ Phonemic conscious മായി ബന്ധപ്പെട്ടതാണ്. തെറ്റുന്ന ചിഹ്നങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവഹാരരൂപങ്ങൾക്ക് പ്രാധാന്യം നൽകണം. അവ ഓരോന്നും എഴുത്തിലേക്കു നയിക്കുകയും എഡിറ്റിംഗ് വരെയുള്ള ഘട്ടങ്ങൾ ക്രമാനുഗതമായി പൂർത്തിയാക്കുകയും വേണം.

ഭാഷാവ്യവഹാരരൂപങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ്

ഈ പുസ്തകത്തിലുള്ളത്. പ്രക്രിയകൾ ആവർത്തിച്ചെഴുതിയിട്ടുള്ളത് അതിന്റെ പ്രാധാന്യം തിരിച്ചറിയാൻ വേണ്ടിയാണ്. ടീച്ചറുടെ ആഖ്യാന (Narration)ത്തിലൂടെയാണ് വ്യവഹാര രൂപങ്ങളിലേക്കെത്തുന്നത്. ആഖ്യാനങ്ങൾ കുട്ടികളുടെ മാനസികചലനത്തിന് (Mentally vibrant) പര്യാപ്തമാകാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. അവ വായിച്ചുകൊടുക്കുന്നതിനുപ കരം ആശയങ്ങൾ സ്വാംശീകരിച്ച് സ്വന്തമായ ഭാഷയിൽ അവതരിപ്പിക്കുവാൻ ശ്രമിക്കണം. ഓരോ വ്യവഹാരരൂപങ്ങളും ഓരോ ആശയമേഖല (Theme)യുമായി ബന്ധപ്പെടുത്തി യാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

വ്യവഹാരരൂപങ്ങളുടെ അവതരണത്തിൽ നാടകീകരണമടക്കമുള്ള തിയേറ്റർ സാധ്യ തകൾ (Theatrical Components) പ്രയോജനപ്പെടുത്താവുന്നതാണ്. ആഖ്യാനവൈവിധ്യ ങ്ങളിലൂടെയും ദൃശ്യാവിഷ്ക്കരണസാധ്യതകളിലൂടെയും ആശയരൂപീകരണത്തിനുള്ള സാധ്യതകൾ വിപുലമാകുകയും ചിന്താപ്രക്രിയകൾക്കു പ്രാധാന്യം ലഭിക്കുകയും ചെയ്യും. മനോനിർമ്മിതി (Mental Constructs)കളുടെ രൂപീകരണമാണ് പഠനം എന്നും അറിവിനെ നിർമ്മിച്ചെടുക്കുകയാണ് പഠനലക്ഷ്യമെന്നുമുള്ള പാഠ്യപദ്ധതിധാരണയാണ് ഇവിടെ പ്രയോജനപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളത്.

# തീം : പ്രകൃതി

**പാഠഭാഗങ്ങൾ : മാടത്തക്കിളി – ചങ്ങാതി**

**വ്യവഹാര രൂപങ്ങൾ : സംഭാഷണം, കവിതാപൂരണം, യാത്രാവിവരണം**

**ആഖ്യാനം :**

കിന്നരിപ്പുഴയോരത്തെ പാടത്തിനപ്പുറത്താണ് സീതയുടെ വീട്. വീട്ടിൽ അവളും അച്ഛനും അമ്മയും മാത്രമേയുള്ളൂ. വളരെ പാവപ്പെട്ട ഒരു കുടുംബം. പാടത്ത് ജോലി ചെയ്താണ് അവർ ജീവിക്കുന്നത്. അച്ഛനും അമ്മയും ജോലിക്ക് പോകുമ്പോൾ സീതയും അവരോടൊപ്പം കൂടും. അവൾ കുറേനേരം പാടത്ത് കളിക്കും. ക്ഷീണിക്കുമ്പോൾ പുഴയോരത്തുള്ള മരത്തണലിൽ വിശ്രമിക്കും.

ഒരു ദിവസം സീത ആ മരത്തിന്റെ കൊമ്പിലിരിക്കുന്ന ഒരു തത്തയെ കണ്ടു. അവൾ അതിനെ മിന്നു എന്നു വിളിച്ചു. പച്ചനിറവും ചുവന്ന ചുണ്ടുകളുമുള്ള ഭംഗിയുള്ള തത്ത. സീത മിന്നുവിന് ഒരു പഴം കൊടുത്തു. ആദ്യം മടിച്ചുനിന്നെങ്കിലും പിന്നീട് ആ പഴം വാങ്ങിത്തിന്നു. കുറച്ച് ദിവസങ്ങൾകൊണ്ട് അവർ നല്ല ചങ്ങാതിമാരായി. സീത അവൾക്ക് വിശേഷപ്പെട്ട എന്തു ഭക്ഷണം കിട്ടിയാലും അതിലൊരു പങ്ക് മിന്നുവിനും നല്കും. മിന്നുവിനും സീതക്കും ഒരു ദിവസം പോലും കാണാതിരിക്കാൻ വയ്യാതായി.

പതിവുപോലെ മിന്നു അന്നും സീതയെ കാണാനായി മരത്തിലെത്തി. പക്ഷെ എത്ര നേരം നോക്കിയിട്ടും സീത വന്നില്ല. ദുഃഖത്തോടെ മിന്നു അടുത്ത ദിവസങ്ങളിലെല്ലാം കാത്തിരുന്നു. സീതയാകട്ടെ സുഖമില്ലാതെ കിടക്കുന്ന അമ്മാവനെ കാണാൻ നാട്ടിൽ പോയതാണ്. പാവം മിന്നു, ഇതൊന്നുമറിഞ്ഞില്ല.

പത്ത് പതിനഞ്ച് ദിവസങ്ങൾ കഴിഞ്ഞ് ഒരു ദിവസം അതാ സീത ഓടിവരുന്നു. അവൾ ആകെ ക്ഷീണിതയാണല്ലോ? രണ്ടുപേരും കുറേ ദിവസങ്ങളായി കാണാൻ കഴിയാത്തതിന്റെ വിഷമം പങ്കുവെച്ചു.

എന്തൊക്കെ കാര്യങ്ങളായിരിക്കും അവർ തമ്മിൽ പറഞ്ഞിട്ടുണ്ടാകുക?

നമുക്കെഴുതിനോക്കാം.

- വ്യക്തിഗതമായി സംഭാഷണം എഴുതുന്നു.
- ഗ്രൂപ്പു തിരിഞ്ഞ് ഗ്രൂപ്പിൽ ഓരോരുത്തരും കൈമാറി വായിക്കുന്നു.
- കുട്ടികൾ സ്വയം സൂചകങ്ങൾ കണ്ടെത്തി മെച്ചപ്പെടുത്തുന്നു.
- മെച്ചപ്പെട്ട രചന എഴുതി പ്രദർശിപ്പിക്കുന്നു.

(ഗ്രൂപ്പിലെ ഒരു കുട്ടിയുടേതോ, അല്ലെങ്കിൽ ഗ്രൂപ്പ് തയ്യാറാക്കിയ ഒരു ഉല്പന്നമോ ആകാം.)

മെച്ചപ്പെട്ടത് ഏത്?

- അവസരോചിതം
- ലളിതം
- തുടർച്ചയുള്ളത്
- ആശയപൂർണ്ണത

ഓരോ ഗ്രൂപ്പും അവതരിപ്പിച്ചത് പൊതു ചർച്ചയിലൂടെ വീണ്ടും മെച്ചപ്പെടുത്തുന്നു. തിരുത്തലുകൾ എങ്ങനെ?

- സംഭാഷണത്തിന്റെ രൂപം
- ശൈലീപരം
- ആശയപരം
- ഭാഷാപരം
- അക്ഷരത്തെറ്റ്
- അധ്യാപികയുടെ മാതൃക അവതരിപ്പിക്കുന്നു. എഴുതി പ്രദർശിപ്പിക്കുന്നു.

അധ്യാപികയുടെ മാതൃകയും ഗ്രൂപ്പിൽ മെച്ചപ്പെട്ടവയും വിലയിരുത്തിയ കുട്ടികൾ ഒന്നുകൂടി നന്നായി സംഭാഷണം രചിക്കട്ടെ. അതവരുടെ ഭാഷാപുസ്തകത്തിൽ എഴുതിച്ചേർക്കുകയുമാവാം.

- പിന്നീട് സംഭാഷണം റോൾപ്ലേ ആയി അവതരിപ്പിക്കുന്നു.

## സംഭാഷണം : ടീച്ചർ തയ്യാറാക്കിയത്

| | | |
|---|---|---|
| സീത | : | എന്താ മിന്നൂ നീ ഒന്നും മിണ്ടാത്തത്? കണ്ട ഭാവം പോലുമില്ലല്ലോ? |
| മിന്നു | : | ഞാൻ നിന്നോട് മിണ്ടൂല്ല, ഇപ്പം ഒരന്വേഷണക്കാരി വന്നിരിക്കുന്നു. |
| സീത | : | പിണങ്ങാതെ ഞാൻ പറയുന്നത് ഒന്ന് കേൾക്ക്. |
| മിന്നു | : | എന്നോട് പറയാതെ നീ എവിടെയായിരുന്നു ഇത്രനാൾ? |
| സീത | : | ഓ... നിന്നോടു പറയാൻ പോലും സമയം കിട്ടിയില്ല. അമ്മാവന് അസുഖം കൂടുതലായി. ഫോൺവന്നു. ഞങ്ങൾ രാത്രിതന്നെ പട്ടണത്തിലേക്ക് പോയതുകൊണ്ടല്ലേ. |
| മിന്നു | : | അയ്യോ... അതു ഞാനറിഞ്ഞില്ല. ഇത്ര ദിവസം കാണാതിരുന്നപ്പോൾ ഞാൻ വിചാരിച്ചു നീ എന്നെ മറന്നൂന്ന്. |
| സീത | : | മറക്കാനോ, നിന്നെയോ? എനിക്കൊരിക്കലും അതിനു കഴിയില്ല. ഞാനോടിവന്നതുതന്നെ നിന്നെ കാണാനാ. |
| മിന്നു | : | അമ്മാവന് അസുഖം കുറവുണ്ടോ? |
| സീത | : | അല്പം കുറവുണ്ട്. ങാ... പിന്നൊരു കാര്യം. അമ്മാവന്റെ മോൾ അഞ്ജലി നിന്നോട് പ്രത്യേക അന്വേഷണം പറഞ്ഞിട്ടുണ്ട്. |
| മിന്നു | : | നീയാകെ ക്ഷീണിച്ചുപോയല്ലോ? |
| സീത | : | യാത്ര കഴിഞ്ഞു വന്നതല്ലേ? നിനക്ക് ഞാൻ പഴം കൊണ്ടുവന്നിട്ടുണ്ട്. വന്നു കഴിച്ചോളൂ. |

## സംഭാഷണം - പ്രക്രിയാഘട്ടങ്ങൾ

- ആഖ്യാനം
- വ്യക്തിഗതരചന
- ഗ്രൂപ്പിൽ അവതരണം (കൈമാറി വായന)
- വിലയിരുത്തൽ - മെച്ചപ്പെട്ടത് കണ്ടെത്തൽ അവതരണം

- വിലയിരുത്തൽ
- ടീച്ചർ മാതൃക - അവതരണം
- പുനർരചന (എന്റെ ഭാഷാ പുസ്തകത്തിലേക്ക്)
- റോൾപ്ലേ

---

(അധ്യാപിക ആഖ്യാനം തുടരുന്നു)

പിറ്റേന്ന് രാവിലെ സീത മിന്നുവിനെ കാണാൻ പാടത്തെത്തി. പാടത്തുനിന്നുകൊണ്ട് അവൾ ചുറ്റുപാടും നോക്കി.

എത്ര മനോഹരമായ കാഴ്ചകൾ!

സൂര്യനുദിച്ചുയരുന്നു

മുത്തുപോലെ തിളങ്ങി നിൽക്കുന്ന മഞ്ഞുതുള്ളികൾ.

ശബ്ദമുണ്ടാക്കിക്കൊണ്ട് പറന്നകലുന്ന കിളിക്കൂട്ടങ്ങൾ

കള കള ശബ്ദത്തിലൊഴുകുന്ന കിന്നരിപ്പുഴ.

നീന്തിത്തുടിക്കുന്ന മത്സ്യങ്ങൾ.

പൂമ്പൊടി തേടി പറന്നുപോകുന്ന പൂമ്പാറ്റകൾ.

അതാ മിന്നു വരുന്നുണ്ടല്ലോ? ഒറ്റയ്ക്കല്ലല്ലോ വരുന്നത്? ഒരു പറ്റം കൂട്ടുകാരുമുണ്ടല്ലോ?

അവർ സീതയുടെ അരികിൽ പറന്നിറങ്ങി. കുശലാന്വേഷണം നടത്തി. പാട്ടുപാടി. എത്ര സന്തോഷത്തോടെയാണവർ പാടുന്നത്. അവർ പാടിയ ചില വരികളിതാ:

കിന്നരിപ്പുഴയുടെ തീരത്ത്
പച്ചവിരിച്ചൊരു പാടത്ത്
മാനത്തു തുമ്പികൾ പാറുന്നൂ
മോദമായ് പൂക്കൾ ചിരിക്കുന്നു.
.........................................................
.........................................................

(ടീച്ചർ കവിത ഈണത്തിലും ഭാവത്തിലും അവതരിപ്പിക്കുന്നു.)

വേറെന്തൊക്കെ വരികളായിരിക്കും അവർ പാടിയിട്ടുണ്ടാകുക. നിങ്ങൾ എഴുതി നോക്കൂ.

- കവിതാപൂരണത്തിന് തന്നിട്ടുള്ള വരികൾ ബോർഡിലോ ചാർട്ടുപേപ്പറിലോ എഴുത പ്രദർശിപ്പിക്കണം.
- തന്നിട്ടുള്ള വരികൾക്ക് കുട്ടികൾ ഈണം നൽകുന്നു.
- രണ്ടോ മൂന്നോ പ്രാവശ്യം പാടിയതിനുശേഷം കുട്ടികൾ സ്വന്തമായി ബാക്കി വരികൾ കണ്ടെത്തുന്നു.
- ഗ്രൂപ്പിൽ കൈമാറി വായിച്ച് അവതരിപ്പിച്ച് മെച്ചപ്പെട്ടത് കണ്ടെത്തട്ടെ.
- മെച്ചപ്പെട്ടത് ഏത്?
- ഈണം
- അർത്ഥപൂർണ്ണമായ വരികൾ
- വരികൾ തമ്മിലുള്ള ബന്ധം
- കവിതയിലെ ഭാഷ

- ഓരോ ഗ്രൂപ്പും സ്വന്തം ഈണത്തിൽ അവരുടെ മികച്ച കവിത അവതരിപ്പിക്കുന്നു. ചാർട്ടിൽ എഴുതുന്നു.
- ഗ്രൂപ്പുരചനകൾ അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തുന്നു.
- ഏറ്റവും മികച്ചത് കണ്ടെത്തുന്നു.
- അധ്യാപികയുടെ രചന അവതരിപ്പിക്കുന്നു.

  ഈ പ്രക്രിയകൾക്കുശേഷം കുട്ടികൾ വ്യക്തിഗതമായി മെച്ചപ്പെടുത്തിയെഴുതട്ടെ.
- അവ എന്റെ ഭാഷാപുസ്തകത്തിലേക്ക്....
- ക്ലാസിലൊരു കവിതാപതിപ്പും ആകാം.

പുനർരചന എന്നതുകൊണ്ടുദ്ദേശിക്കുന്നത് കുട്ടി എഴുതിയ രചനയിലെ ആശയപരമായ, ശൈലീപരമായ, ഭാഷാപരമായ, തെറ്റുകൾ തിരുത്തി എഴുതലാണ്.

## അധ്യാപികയുടെ രചന

കിന്നരിപ്പുഴയുടെ തീരത്ത്
പച്ചവിരിച്ചൊരു പാടത്ത്
മാനത്ത് തുമ്പികൾ പാറുന്നു.
മോദമായി പൂക്കൾ ചിരിക്കുന്നു
പച്ചിലത്തുമ്പത്ത് മഞ്ഞിൻതുള്ളികൾ
മുത്തുകൾപോലെ തിളങ്ങിടുന്നു.
ആകാശവീഥിയിൽ പാട്ടുകൾ പാടി
പക്ഷികളെങ്ങും പറന്നിടുന്നു.
പൂമ്പാറ്റക്കൂട്ടങ്ങൾ തേനുണ്ടു പൂവുണ്ട്
മൂളിപ്പാടി രസിച്ചിടുന്നു.
കുഞ്ഞിളം താളത്തിൽ തെങ്ങോലക്കൂട്ടങ്ങൾ
തെന്നലിൽ ആലോലമാടിടുന്നു.
വേഗേനവായെൻ തത്തമ്മപ്പൈങ്കിളീ
ചാരത്തുവായെന്റെ കൂട്ടുകാരീ
വേഗേനവായെന്റെ തത്തമ്മപ്പൈങ്കിളീ
ചാരത്തുവായെന്റെ കൂട്ടുകാരീ

## കവിതാപൂരണം - പ്രക്രിയ

- ആഖ്യാനം
- കവിതയുടെ തുടക്കം - അവതരണം
- ഈണത്തിൽ ചൊല്ലൽ
- വ്യക്തിഗതരചന
- ഗ്രൂപ്പിൽ കൈമാറി വായന
- മെച്ചപ്പെട്ടത് കണ്ടെത്തൽ
- ഓരോ ഗ്രൂപ്പും അവതരണം
- വിലയിരുത്തൽ
- അധ്യാപികയുടെ രചന - അവതരണം
- പുനർരചന

- കവിതാപുസ്തകത്തിലേക്ക്
- കവിതാപതിപ്പ്

## യാത്രാവിവരണത്തിലേക്ക്...

പാട്ടും നൃത്തവും കഴിഞ്ഞ് അവർ മരച്ചുവട്ടിൽ ഇരിക്കുകയായിരുന്നു. ദൂരെനിന്ന് കൊക്ക് വരുന്നത് മിന്നു കണ്ടു.

ആ.... ഇത് നമ്മുടെ സുന്ദരി കൊക്കാണല്ലോ. ദേശാടനമൊക്കെ കഴിഞ്ഞ് വരികയായിരിക്കും. നമുക്കവളെ ഇങ്ങോട്ട് വിളിക്കാം. വിശേഷമൊക്കെ അറിയാലോ! സീത പറഞ്ഞു.

സുന്ദരിക്കൊക്ക് മെല്ലെ നടന്ന് മിന്നുവിന്റെയും സീതയുടെയും അടുത്തെത്തി.

ഹായ്! എല്ലാവരും ഉണ്ടല്ലോ? സുന്ദരിക്കൊക്ക് തന്റെ സന്തോഷം പ്രകടിപ്പിച്ചു. മിന്നു എല്ലാവർക്കും വേണ്ടി അവളെ പരിചയപ്പെടുത്തി.

നിങ്ങൾക്കറിയാമോ കൂട്ടുകാരേ, ഇവളെ കണ്ടിട്ടെത്ര കാലമായെന്നോ? ഇവളൊരിക്കലും ഒരു സ്ഥലത്ത് ഉറച്ചുനിൽക്കാറില്ല.

ഇവളൊരു ദേശാടന പക്ഷിയാണ്. സീത കൂട്ടിച്ചേർത്തു.

"ഈ വരവെവിടുന്നാ? എന്തെല്ലാമാണ് നീ പോയ സ്ഥലത്തെ വിശേഷങ്ങൾ?" മിന്നു ചോദിച്ചു.

"ഒത്തിരി പറയാനുണ്ട്." അവൾ വിശേഷങ്ങൾ പറയാൻ തുടങ്ങി.

കുന്നുകളും മലകളും ഗ്രാമങ്ങളും പട്ടണങ്ങളും കടന്നായിരുന്നു എന്റെ യാത്ര. കടുത്ത ചൂടും ഭക്ഷണക്ഷാമവും കാരണമാണ് ഞാനിവിടെനിന്നും പോയത്. കൂട്ടത്തിൽ എന്റെ കുടുംബവും കൂട്ടുകാരും ഉണ്ടായിരുന്നു. ഞങ്ങൾ നേരെ വടക്കുഭാഗത്തേക്കാണ് പോയത്. അവിടെ വറ്റിയ ജലാശയങ്ങളും വിണ്ടുകീറിയ നെൽപ്പാടങ്ങളും മാത്രം. അവിടെയൊന്നും ഞങ്ങൾ തങ്ങിയില്ല. വൈകുന്നേരംവരെ പറക്കൽ തുടർന്നു. അങ്ങനെ ഒരു ഗ്രാമത്തിൽ എത്തി. ഹാവൂ! ആശ്വാസമായി. തൊണ്ട നനക്കുവാനുള്ള വെള്ളം കിട്ടി. അവിടെ സുരക്ഷിതമാണെന്ന് ഞങ്ങൾക്കു തോന്നിയില്ല. ഞങ്ങളെ ഉപദ്രവിക്കാൻ ആളുകളോടിക്കൂടി. കവണയും അമ്പും വില്ലുമായി അവർ വന്നപ്പോഴേയ്ക്കും ഞങ്ങൾ രക്ഷപ്പെട്ടിരുന്നു.

പിന്നീടുള്ള യാത്ര ഒരു പട്ടണത്തിന് മുകളിലൂടെയായിരുന്നു. ആകാശം മുട്ടിനിൽക്കുന്ന കെട്ടിടങ്ങൾ, ചീറിപ്പായുന്ന വാഹനങ്ങൾ, പുക തുപ്പുന്ന ഫാക്ടറികൾ, മൂക്കടപ്പിക്കുന്ന ദുർഗന്ധം ഞങ്ങൾ വേഗം അവിടെനിന്നും പറന്നു.

അവസാനം ഒരു പച്ചത്തുരുത്തിൽ എത്തി. ഞങ്ങളെ ആഹ്ലാദിപ്പിക്കുന്ന കാഴ്ചകളായിരുന്നു അവിടെ. കൂട്ടുകൂടാൻ മരങ്ങൾ, ഇഷ്ട ആഹാരമായ ഞണ്ടുകൾ. പിന്നെയെന്തു വേണം. ഇങ്ങോട്ടുവരുന്നതുവരെ ഞങ്ങൾ അവിടെയായിരുന്നു. നിങ്ങളെ കാണാൻ കൊതിയായപ്പോൾ മറ്റൊന്നും ഓർത്തില്ല. നേരെയിങ്ങു പോന്നു.

(കഥ പറഞ്ഞതിനുശേഷം കൊക്ക് യാത്രപോയപ്പോൾ കണ്ട കാര്യങ്ങൾ കുട്ടികളെക്കൊണ്ട് പറയിപ്പിക്കാം.)

സ്ഥലപ്പേരുകളി : കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. സ്ഥലങ്ങളുടെ പേരുകൾ പറയുന്നു. ആവർത്തനം വരാൻ പാടില്ല. പേരുപറയാൻ പറ്റാത്ത കുട്ടികൾ കളിയിൽനിന്ന് പുറത്താകുന്നു. അവസാനംവരെ പുറത്താകാതെ നിൽക്കുന്ന കുട്ടി വിജയിക്കുന്നു.

അവരവർ യാത്രചെയ്ത സ്ഥലങ്ങളുടെ പേരുകൾ എഴുതിക്കുന്നു. അതിൽ ഏറ്റവും ഇഷ്ടപ്പെട്ട യാത്രയെക്കുറിച്ച് കുട്ടികളെക്കൊണ്ട് എഴുതിപ്പിക്കുന്നു. (ഇഷ്ടപ്പെടാനുണ്ടായ കാരണങ്ങൾ)

**ടീച്ചർ പോയ യാത്രയെക്കുറിച്ചുള്ള വിവരണം ടീച്ചർ അവതരിപ്പിക്കുന്നു.**

വയനാട്ടിലെ കുന്നും മലകളും താണ്ടിയുള്ള യാത്ര എത്ര രസകരമായിരുന്നു. ചരിത്രപ്രസിദ്ധമായ എടക്കൽ ഗുഹ, മലയിടുക്കിലൂടെ കയറിച്ചെല്ലുമ്പോൾ ആ വലിയ ഗുഹ കാണാം. ഗുഹാഭിത്തിയിലുള്ള ചിത്രലിപികളും കൊത്തുപണികളും അവിടെയുള്ള ഗൈഡ് വായിച്ചുതന്നപ്പോൾ കുറെ കാര്യങ്ങൾ അറിയാൻ കഴിഞ്ഞതുപോലെ. ഇടുങ്ങിയ കെട്ടുകളിലൂടെയുള്ള സാഹസികമായ ഇറക്കം എല്ലാവരെയും തളർത്തി.

ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങൾ അമ്പലവയൽ കാർഷിക ഗവേഷണകേന്ദ്രത്തിലെത്തി. ശാസ്ത്രീയരീതിയിൽ വികസിപ്പിച്ചെടുത്ത റോസാച്ചെടികൾ, മാവിൻ തൈകൾ, പേരച്ചെടികൾ എല്ലാം കൗതുകമുണർത്തുന്നവ തന്നെ. ഇനിയും ധാരാളം കാണാനുണ്ട്.

## യാത്രാവിവരണം തയ്യാറാക്കുമ്പോൾ

- എവിടേക്കാണ് യാത്രനടന്നത്?
- കൂടെ ആരെല്ലാം?
- ഉദ്ദേശ്യം
- കണ്ട കാര്യങ്ങൾ
- കാഴ്ചകൾ
- ഇഷ്ടപ്പെടാനുണ്ടായ കാരണം
- പ്രധാന സംഭവങ്ങൾ

ടീച്ചറും കുട്ടികളും കൂടി ഒരു യാത്ര പോകുന്നു

ചരിത്രപ്രാധാന്യമുള്ള പ്രകൃതിഭംഗിയുള്ള സ്ഥലങ്ങൾ

തിരിച്ചുവന്നതിനുശേഷം അവർ പോയ യാത്രയെക്കുറിച്ച് എഴുതുന്നു. (വ്യക്തിഗതരചന)

ഗ്രൂപ്പിൽ ഓരോ കുട്ടിയും എഴുതിയത് വായിക്കുന്നു. എഴുതാനാവാത്തവർ പറയുന്നു. ഇതുവഴി സ്വയം മെച്ചപ്പെടുത്താൻ അവസരം കിട്ടും.

- മെച്ചപ്പെട്ടവയുടെ അവതരണം.
- മെച്ചപ്പെട്ടവയുടെ മേൻമ കണ്ടെത്തുന്നു.
- യാത്രാവിവരണപ്പതിപ്പിലേക്ക്.

## യാത്രാ വിവരണം - പ്രക്രിയാ ഘട്ടങ്ങൾ

- യാത്ര
- ചർച്ച
- വ്യക്തിഗതരചന
- ഗ്രൂപ്പിൽ അവതരണം
- ടീച്ചറുടെ രചന - അവതരണം
- മെച്ചപ്പെടുത്തൽ
- അവതരണം
- യാത്രാവിവരണപതിപ്പ്

# തീം : മാനവികത

**പാഠഭാഗങ്ങൾ : കുഞ്ഞുപാത്തുമ്മ, രണ്ടപ്പം**
**വ്യവഹാരരൂപങ്ങൾ : നിവേദനം, പോസ്റ്റർ, കത്ത്, ഡയറി**

(അധ്യാപിക ആവശ്യമായ ഭാവത്തോടും ശബ്ദവ്യതിയാനത്തോടും കൂടി താഴെ പറയുന്ന ആഖ്യാനം അവതരിപ്പിക്കുന്നു.)

"കുഞ്ഞുപാത്തുമ്മയെ ഓർമ്മയില്ലേ?"

കുഞ്ഞുപാത്തുമ്മ അന്നും നേരത്തെ ഉണർന്നു. ഓ.... ഇന്നാണല്ലോ പുതിയ ടീച്ചർ വരുന്നത്. അവളോർത്തു. ഇന്നെങ്കിലും നേരത്തെ ക്ലാസ്സിലെത്താം.

"നാശം, ഇന്നും പൈപ്പിൽ വെള്ളമില്ല. എന്തുചെയ്യും? അവൾ ആലോചിച്ചു.

ബക്കറ്റുമെടുത്ത് അവൾ ദൂരെയുള്ള കിണറിനടുത്തേക്ക് ഓടി. കുളിയെല്ലാം കഴിഞ്ഞ് ഭക്ഷണം കഴിച്ചെന്ന് വരുത്തി സ്കൂളിലേക്ക് ഓടി.

"പടച്ചോനേ, ടീച്ചറതാ ക്ലാസിൽ". അവൾ ഓടി വാതിൽക്കലെത്തി. പുതിയ ടീച്ചർ കുട്ടികളെ പരിചയപ്പെടുകയാണ്.

"ടീച്ചർ, ടീച്ചർ" കുഞ്ഞുപാത്തുമ്മ വാതിൽക്കൽ പരുങ്ങിനിന്നുകൊണ്ട് വിളിച്ചു.

"എന്താ കുട്ടീ.... നീ ഈ ക്ലാസിലെയാണോ? എന്താ ഇത്ര വൈകിയത്?" ടീച്ചർ ചോദിച്ചു.

ടീച്ചർ... അതു പിന്നെ...

"അവൾ എന്നും വൈകിയേ എത്തൂ ടീച്ചർ".

കുട്ടികൾ കൂട്ടത്തോടെ വിളിച്ചുപറഞ്ഞു.

"ടീച്ചർ, ഞാൻ മാത്രമല്ല, വേറെയും കുട്ടികളുണ്ട്".

"ശരി, ക്ലാസിൽ കയറിക്കൊള്ളൂ. അല്ല, എന്താ കുട്ടി എന്നും വൈകി എത്തുന്നത്?"

"ഞങ്ങളുടെ കോളനിയിൽ ഒറ്റദിവസവും വെള്ളം കിട്ടുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ വൈകി വരുന്നത്."

"അതു കഷ്ടമാണല്ലോ, നിങ്ങളുടെ കോളനിക്കാർ ഇതിനൊന്നും ചെയ്യുന്നില്ലേ?"

"ഒരുപാട് ശ്രമിച്ചു ടീച്ചർ. പക്ഷേ, ഇതുവരെ ഒരു ഫലവും ഉണ്ടായില്ല."

"എവിടെയാണ് നിങ്ങൾ താമസിക്കുന്നത്?"

"പരുത്തിപ്പാറ പഞ്ചായത്തിലെ V-ാം വാർഡിൽ. അവിടെയാണ് ഞങ്ങളുടെ കോളനി." കുഞ്ഞുപാത്തുമ്മ മറുപടി പറഞ്ഞു.

"നമുക്ക് കുഞ്ഞുപാത്തുമ്മയെയും കൂട്ടുകാരെയും സഹായിക്കാൻ പറ്റുമോ?" ടീച്ചർ ചോദിച്ചു.

"സാധിക്കും ടീച്ചർ." മിടുക്കനായ രാമു വിളിച്ചുപറഞ്ഞു.

"എങ്ങിനെ?" ടീച്ചർ ചോദിച്ചു.

രാമു ഒരു നിർദ്ദേശം വച്ചു. എന്തു നിർദ്ദേശമായിരിക്കും രാമു പറഞ്ഞിട്ടുണ്ടാകുക?

..........

കുട്ടികൾ വ്യത്യസ്ത മറുപടികൾ പറയുന്നു.

(സ്വതന്ത്ര പ്രതികരണം)

കുട്ടികളുമായി നടത്തുന്ന ചർച്ചയിൽ നിവേദനം എന്ന ആശയം വരുത്തുന്നു.

എന്തുകൊണ്ടാണ് നിവേദനം തെരഞ്ഞെടുത്തത്?

നിവേദനം എന്താണെന്നുള്ള അറിവ് ഈ ഘട്ടത്തിൽ കുട്ടികൾക്ക് കൊടുക്കാം.

പൊതു ആവശ്യത്തിന് വേണ്ടി ഒരു സമൂഹം തയ്യാറാക്കുന്ന അപേക്ഷയാണ് നിവേദനം.

അവർ തയ്യാറാക്കിയ നിവേദനം എങ്ങിനെയായിരിക്കും. നമുക്ക് തയ്യാറാക്കിനോക്കാം.

- നിവേദനത്തിന്റെ ഒരു മാതൃക ടീച്ചർ കുട്ടികൾക്ക് നൽകുന്നു. (ഗ്രൂപ്പിൽ)
- നിവേദനത്തിൽ എന്തൊക്കെ വേണമെന്ന ചർച്ച നടത്തുന്നു.

കുട്ടികൾ പറയുന്ന കാര്യങ്ങൾ വച്ച് നിവേദനത്തിന്റെ സൂചകങ്ങൾ കണ്ടെത്തുന്നു.

ഈ സന്ദർഭത്തിൽ ആർക്കാണ്, എങ്ങനെയാണ് നിവേദനം കൊടുക്കേണ്ടതെന്ന് ചർച്ച ചെയ്യുന്നു.

നിവേദനത്തിൽ എന്ത്?

ആർക്കാണ് നൽകേണ്ടത്?

ആരാണ് നൽകുന്നത്?

എന്താണ് ആവശ്യം?

നമുക്ക് ഓരോരുത്തർക്കും നിവേദനം തയ്യാറാക്കി നോക്കാം.

(കുട്ടികൾ വ്യക്തിപരമായി നിവേദനം തയ്യാറാക്കട്ടെ)

വ്യക്തിപരമായി നിവേദനം തയ്യാറാക്കിയതിനുശേഷം ഗ്രൂപ്പിൽ കുട്ടികൾ ഓരോരുത്തരും വായിക്കുന്നു. വായനക്കിടയിൽ അവർ രൂപീകരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് സ്വയം തിരുത്തലുകൾ നടത്തുന്നു.

- ഗ്രൂപ്പ് ചർച്ചയിലൂടെ ഗ്രൂപ്പിന്റെ പൊതുവായ ഉല്പന്നം തയ്യാറാക്കുന്നു.
- ഓരോ ഗ്രൂപ്പിലും തയ്യാറാക്കിയത് ചാർട്ടിൽ എഴുതുന്നു.
- മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചറുടെ ഇടപെടലോടെ തെറ്റുതിരുത്തുന്നു.
- ടീച്ചറുടെ മാതൃക അവതരിപ്പിക്കുന്നു.
- പുനർരചന

പ്രാദേശിക സാഹചര്യങ്ങളിൽ കുട്ടികൾക്ക് ആവശ്യബോധം ഉണ്ടാക്കി നിവേദനം, അപേക്ഷ എന്നിവ തയ്യാറാക്കുന്നതാണ് അഭികാമ്യം. സ്കൂൾ പരിസരശുചീകരണം, കാടുവെട്ടൽ, ചുറ്റുമതിൽ.

## ടീച്ചർ തയ്യാറാക്കിയ നിവേദനം

ബഹുമാനപ്പെട്ട പരുത്തിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മുമ്പാകെ പരുത്തിപ്പാറ ഗവൺമെന്റ് എൽ. പി. സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥികൾ സമർപ്പിക്കുന്ന നിവേദനം.

സർ,

പരുത്തിപ്പാറ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ലക്ഷംവീട് കോളനിയിലാണ് ഞങ്ങൾ ഭൂരിഭാഗം കുട്ടികളും താമസിക്കുന്നത്. ഞങ്ങളുടെ കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിന് ഇവിടെ സ്ഥാപിച്ചിട്ടുള്ള ഒരു പൊതുടാപ്പ് മാത്രമാണുള്ളത്. ഈ പൊതുടാപ്പിൽനിന്നും ഞങ്ങൾക്കാവശ്യമായ വെള്ളം സ്ഥിരമായി ലഭിക്കുന്നില്ല. സമയത്തിന് ജലം ലഭിക്കാത്തതിനാൽ പലപ്പോഴും വളരെ വൈകിയാണ് ക്ലാസിലെത്തുന്നത്. ഇത് ഞങ്ങളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആയതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

എന്ന്.

| | |
|---|---|
| പരുത്തിപ്പാറ, | താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന |
| 25-08-2007 | വിദ്യാർത്ഥികൾ |

1. ......................................................
2. ......................................................

## നിവേദനം : ഘട്ടങ്ങൾ

- ആഖ്യാനം
- ചർച്ച
- വ്യക്തിഗതരചന
- ഗ്രൂപ്പിംഗ്
- വിലയിരുത്തൽ (ഗ്രൂപ്പിൽ)
- ഗ്രൂപ്പ് ഉല്പന്നം
- വിലയിരുത്തൽ
- ടീച്ചർ മാതൃക
- പുനർരചന

## നോട്ടീസ് തയ്യാറാക്കൽ

**ആഖ്യാനം :** കുഞ്ഞുപാത്തുമ്മയുടെയും കൂട്ടരുടെയും നിവേദനത്തിന് ഫലമുണ്ടായി. പഞ്ചായത്ത് ഫണ്ടിൽനിന്ന് പണം അനുവദിച്ച് കിണറും ടാപ്പുകളും സ്ഥാപിച്ചു. ഉദ്ഘാടനം നടത്തുന്നതിന് കമ്മിറ്റിയൊക്കെ രൂപീകരിച്ചു.

ഇവിടെ ഒരു നോട്ടീസിന് സാധ്യതയില്ലേ?

നോട്ടീസ് പ്രക്രിയാഘട്ടങ്ങൾ ഈ പുസ്തകത്തിൽ മറ്റൊരിടത്ത് വിശദമാക്കിയിട്ടുണ്ട്.

## പോസ്റ്റർ രചന

ഉദ്ഘാടനമൊക്കെ കഴിഞ്ഞു. കോളനിക്കാരുടെ ജലക്ഷാമം അവസാനിച്ചു. എല്ലാ വീടുകൾക്കുമുന്നിലും പൈപ്പ് വന്നു. ആളുകളെല്ലാം വളരെ സന്തോഷത്തിലാണ്. കുഞ്ഞു പാത്തുമ്മയും കുഞ്ഞാമിനയും കൂടി ഒരു ദിവസം നടക്കാനിറങ്ങി. അപ്പോഴാണ് ഒരു പൈപ്പിലൂടെ വെള്ളം ഒഴുകിപ്പോകുന്നതു കണ്ടത്.

"കുഞ്ഞുപാത്തുമ്മാ, ആളുകൾക്കിപ്പോൾ ഒരു ശ്രദ്ധയുമില്ല. കണ്ടില്ലേ, എത്ര വെള്ള മാണ് അവർ വെറുതെ കളയുന്നത്? എത്ര കഷ്ടപ്പെട്ടിട്ടാ നമ്മളീ പൈപ്പ് ഇവിടെ കൊണ്ടു വന്നത്? അലക്കും കുളിയുമൊക്കെ പൈപ്പിൻചുവട്ടിൽത്തന്നെ" കുഞ്ഞാമിന പറഞ്ഞു.

"അങ്ങേ വീട്ടിലെ അബ്ദുക്ക പശുവിനെ കുളിപ്പിക്കുന്നതും പൈപ്പിൻചുവട്ടിലാ. ഇന്നലെ ഞാൻ കണ്ടതാ." കുഞ്ഞുപാത്തുമ്മ പറഞ്ഞു.

"നോക്ക്, ആ ചെക്കൻ ചെയ്യുന്നത്? പൈപ്പ് തുറന്നിട്ട് കളിക്കുകയാ" കുഞ്ഞാമിന ഒച്ച യിട്ടു. അവൾ ഓടിച്ചെന്ന് അവന്റെ ചെവിക്ക് പിടിച്ചു.

"വേണ്ട കുഞ്ഞാമിനാ" കുഞ്ഞുപാത്തുമ്മ വിലക്കി "ഇനിയിങ്ങനെ ചെയ്യരുത് ട്ടോ മോനേ."

"ഇതിങ്ങനെ വിട്ടാൽ പറ്റില്ല. നമുക്കെന്തെങ്കിലും ചെയ്തേ പറ്റൂ. കുഞ്ഞുപാത്തുമ്മ കൂട്ടിച്ചേർത്തു.

"മ്മള്പ്പം എന്താ ചെയ്യാ" കുഞ്ഞാമിന ചോദിച്ചു.

"നമുക്ക് രാമുവിനോട് ചോദിച്ചാലോ?"

രാമുവും കുഞ്ഞാമിനയും കുഞ്ഞിപാത്തുമ്മയും കൂടി ഒരു വഴി കണ്ടെത്തി.

അവർ എന്ത് വഴിയായിരിക്കും കണ്ടിരിക്കുക?

പൊതുചർച്ചയിലൂടെ പോസ്റ്റർ നിർമ്മാണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുന്നു.

പോസ്റ്ററുകളെക്കുറിച്ച് ചർച്ച ചെയ്യുന്നു.

- വിവിധതരം പോസ്റ്ററുകൾ കാണാനവസരം നല്കണം.
- കുട്ടികൾ കണ്ടിട്ടുള്ള പോസ്റ്ററുകളിൽനിന്ന് പോസ്റ്ററിന്റെ ഘടനയെക്കുറിച്ച് മാന ദണ്ഡങ്ങൾ കണ്ടെത്തുന്നു.
- വ്യക്തിഗതമായി പോസ്റ്റർ തയ്യാറാക്കുന്നു.
- വ്യക്തിഗതമായി തയ്യാറാക്കിയ പോസ്റ്റർ ഗ്രൂപ്പിൽ ചർച്ചചെയ്ത് ആവശ്യമായ മാറ്റം വരുത്തുന്നു.
- ഗ്രൂപ്പിൽ എല്ലാ പോസ്റ്ററുകളും അവതരിപ്പിക്കുന്നു. ക്ലാസിൽ മൊത്തമായി വില യിരുത്തുന്നു.

എല്ലാ പോസ്റ്ററുകളും ഉപയോഗിക്കണം. പിന്നോക്കക്കാരന്റെ പോസ്റ്റർ മെച്ചപ്പെട്ടതാ ക്കണം. (ഗ്രൂപ്പിന്റെ ഇടപെടലോടെ)

## എന്താണ് പോസ്റ്റർ?

- ചുരുങ്ങിയ വാക്കുകൾകൊണ്ട് കൂടുതൽ കാര്യം.
- ശ്രദ്ധയാകർഷിക്കുന്ന വാക്കുകൾ, ചിത്രങ്ങൾ
- ആകർഷണീയത

ടീച്ചറുടെ മാതൃക കണ്ടശേഷം ആവശ്യമായ മാറ്റം വരുത്തുന്നു.

ഗ്രൂപ്പിൽ ഓരോരുത്തരും തയ്യാറാക്കിയ പോസ്റ്ററുകളുടെ മേൻമയും പോരായ്മയും വിലയിരുത്തുന്നു.പുനർരചന നടത്തുന്നു.

പോസ്റ്റർ രചനക്കുള്ള സാമഗ്രികൾ നൽകുന്നു. കുട്ടികൾ പോസ്റ്റർ തയ്യാറാക്കുന്നു. ടീച്ചറും തയ്യാറാക്കി അവതരിപ്പിക്കണം.

## പോസ്റ്റർ - പ്രക്രിയാഘട്ടങ്ങൾ

- ആഖ്യാനം
- ചർച്ച (പോസ്റ്ററിലേക്ക്)
- വ്യക്തിഗതരചന
- ഗ്രൂപ്പിൽ വിലയിരുത്തൽ
- മെച്ചപ്പെട്ടത് തെരഞ്ഞെടുക്കൽ
- ഗ്രൂപ്പ് ഉല്പന്നം അവതരണം (ഗ്രൂപ്പിൽ മികച്ചതെല്ലാം)
- വിലയിരുത്തൽ - തെറ്റുതിരുത്തൽ
- (ടീച്ചറുടെ ഇടപെടലോടെ)
- ടീച്ചർ മാതൃക
- പുനർരചന
- പോസ്റ്റർ പതിക്കൽ

## കത്ത് തയ്യാറാക്കൽ

കുഞ്ഞുപാത്തുമ്മയും കൂട്ടുകാരും അവർ തയ്യാറാക്കിയ പോസ്റ്റർ കോളനിയുടെ പലഭാഗത്തും പതിച്ചു.

കോളനിക്കാർക്ക് തങ്ങൾ ചെയ്ത തെറ്റ് മനസ്സിലായി.

അവർ പിന്നീട് വെള്ളം ശ്രദ്ധിച്ച് ഉപയോഗിക്കാൻ തുടങ്ങി.

കോളനിയിൽ ഈ മാറ്റമെല്ലാം വന്നതിൽ താനും ഒരു പങ്കാളിയാണല്ലോ എന്നോർത്തപ്പോൾ കുഞ്ഞുപാത്തുമ്മയ്ക്ക് സന്തോഷം തോന്നി.

ഈ സന്തോഷമൊക്കെ കാണാൻ ഉപ്പ ഇനി എന്നാണാവോ വരിക? എന്തായാലും കാത്തിരിക്കാനൊന്നും പറ്റില്ല. ഉപ്പയെ ഈ വിശേഷങ്ങളൊക്കെ അറിയിക്കണം. അവൾ വിചാരിച്ചു.

കുഞ്ഞുപാത്തുമ്മ എങ്ങനെയായിരിക്കും ബാപ്പയെ വിവരമറിയിച്ചിട്ടുണ്ടാവുക?

കത്തിലേക്ക് ചർച്ച നയിക്കുന്നു

കത്തിലൂടെ കുഞ്ഞുപാത്തുമ്മ വിവരമറിയിക്കാൻ കാരണമെന്ത്?

- ചെലവ് കുറവ്
- കൂടുതൽ കാര്യങ്ങൾ
- സൂക്ഷിച്ചുവെയ്ക്കാം
- അടുപ്പം കൂടുതൽ

കുഞ്ഞുപാത്തുമ്മ എഴുതിയ കത്തിൽ എന്തൊക്കെ കാര്യങ്ങൾ ഉണ്ടാകും - ചർച്ച

(വിവിധ സന്ദർഭങ്ങളിലെഴുതിയ കത്തുകൾ കുട്ടികൾ പരിചയപ്പെടണം - വായിക്കാൻ അവസരം നൽകണം.)

കത്തെഴുതുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

- സ്ഥലം, തീയതി
- സംബോധന
- ഉള്ളടക്കം
- ഉപസംഹാരം
- എഴുതിയ ആളുടെ പേര്, ഒപ്പ്
-
-
- വ്യക്തിഗത രചന (ഓരോരുത്തരും കുഞ്ഞിപാത്തുമ്മയായി കത്തെഴുതട്ടെ.)
- ഗ്രൂപ്പിംഗ് - കൈമാറി വായിച്ച് വിലയിരുത്തുന്നു.
- മെച്ചപ്പെട്ട കത്ത് തെരഞ്ഞെടുക്കുന്നു. (മെച്ചപ്പെട്ട കത്ത് തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം കുട്ടികൾ തന്നെ കണ്ടെത്തട്ടെ.
- ഗ്രൂപ്പ് ഉല്പന്നം അവതരിപ്പിക്കുന്നു
- ടീച്ചറുടെ മാതൃക അവതരിപ്പിക്കുന്നു.
- പുനർ രചന (വിലയിരുത്തലുകൾക്കുശേഷം കുട്ടി വ്യക്തിഗതമായി വീണ്ടും എഴുതട്ടെ)

കുഞ്ഞുപാത്തുമ്മ എഴുതേണ്ട കത്താണല്ലോ കുട്ടികൾ എഴുതിയത്. കുട്ടികൾ സ്വതന്ത്രമായി കത്തെഴുതേണ്ടേ. അതിനും അവസരം നൽകേണ്ടതാണ്.

## ടീച്ചർ തയ്യാറാക്കിയ കത്ത്

പരുത്തിപ്പാറ
29-09-2006

പ്രിയപ്പെട്ട ഉപ്പയ്ക്ക്,

എന്തെല്ലാമുണ്ട് വിശേഷങ്ങൾ? സുഖം തന്നെയല്ലേ? കുറേ ദിവസമായി ഉപ്പയ്ക്ക് കത്തെഴുതണമെന്ന് വിചാരിക്കുന്നു. ഇപ്പോഴാണ് സമയം കിട്ടിയത്.

ഞങ്ങൾക്കിവിടെ സുഖം തന്നെയാണ്. പിന്നെ ഒരു വിശേഷമുണ്ടുപ്പാ. കഴിഞ്ഞ പ്രാവശ്യം ഉപ്പ വന്നപ്പോൾ കണ്ടില്ലേ വെള്ളത്തിനുവേണ്ടിയുള്ള നമ്മുടെ കഷ്ടപ്പാട്. ഞാൻ ദിവസവും വൈകിയായിരുന്നല്ലോ സ്കൂളിൽ പോയിരുന്നത്? ഞങ്ങളുടെ ടീച്ചർ പറഞ്ഞതനുസരിച്ച് ഞങ്ങളെല്ലാവരുംകൂടി പഞ്ചായത്ത് പ്രസിഡണ്ടിന് നിവേദനം നൽകി. പഞ്ചായത്തിൽനിന്നും ഇപ്പോൾ നമ്മുടെ കോളനിയിൽ കിണറും പൈപ്പും സ്ഥാപിച്ചു. ഇപ്പോഴെല്ലാവരും വലിയ സന്തോഷത്തിലാണ്. ഇതിനെല്ലാം ഓടിനടന്നത് ഞാനാണുപ്പാ. ഇപ്പോൾ ആർക്കും വെള്ളത്തിന് ബുദ്ധിമുട്ടില്ല. കുളിക്കാനും, അലക്കാനുമെല്ലാം പൈപ്പ് തിരിച്ചാൽ മതി. ബാപ്പയ്ക്ക് അതൊക്കെ കാണണമെന്ന് തോന്നുന്നില്ലേ.

ഉപ്പ ഇനി എന്നാണ് വരുന്നത്? ഉപ്പയുടെ വരവിനായി ഞാൻ കാത്തിരിക്കുകയാണ്. ബാക്കി വിവരങ്ങളൊക്കെ നേരിൽ പറയാം. ഉപ്പ വേഗം വരണേ

ഒത്തിരി സ്നേഹത്തോടെ
കുഞ്ഞുപാത്തുമ്മ

## കത്ത് - പ്രക്രിയാഘട്ടങ്ങൾ

- ആഖ്യാനം
- ചർച്ച - മാതൃകാകത്തുകൾ പരിചയപ്പെടൽ
- വ്യക്തിഗതരചന
- ഗ്രൂപ്പിൽ വിലയിരുത്തൽ
- ഗ്രൂപ്പ് അവതരണം
- വിലയിരുത്തൽ (ആശയപരം, ഭാഷാപരം, ശൈലീപരം)
- മെച്ചപ്പെട്ടത് കണ്ടെത്തൽ
- ടീച്ചർ മാതൃക
- പുനർ രചന

## ഡയറി

**ആഖ്യാനം :** കത്ത് പോസ്റ്റ് ചെയ്യാൻ കുഞ്ഞുപാത്തുമ്മ പോസ്റ്റോഫീസിലേക്കു നടന്നു. കുറേ ദൂരം നടന്നപ്പോൾ അതാ അവിടെ ഒരാൾക്കൂട്ടം! അവൾ അവിടേക്കോടിച്ചെന്നു. വഴിയരികിൽ ഒരാൾ മരിച്ചുകിടക്കുന്നു. കണ്ണിലും മൂക്കിലുമൊക്കെ ഉറുമ്പരിക്കുന്നുണ്ട്. അയാളെ പലപ്പോഴും അവൾ അവിടെ കണ്ടിട്ടുണ്ട്. കണ്ണിന് കാഴ്ചയില്ലാത്ത അയാൾ ഒരു ഭിക്ഷക്കാരനാണ്. ഇടയ്ക്കൊക്കെ അവളും അയാൾക്ക് ചില്ലറ പൈസയൊക്കെ കൊടുത്തിട്ടുണ്ട്. അവൾക്ക് വല്ലാത്ത സങ്കടം തോന്നി. കത്ത് പോസ്റ്റ് ചെയ്ത് വീട്ടിൽ തിരിച്ചെത്തിയിട്ടും അവൾ അയാളെക്കുറിച്ച് തന്നെ ചിന്തിച്ചിരുന്നു.

- വീട്ടിൽ തിരിച്ചെത്തിയ കുഞ്ഞുപാത്തുമ്മ ഭിക്ഷക്കാരന്റെ മരണത്തെക്കുറിച്ച് എന്തെല്ലാമായിരിക്കും ചിന്തിച്ചിട്ടുണ്ടാകുക?
- കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ.
- ഗ്രൂപ്പിംഗ് - ഗ്രൂപ്പിൽ വ്യക്തിഗതവായന.
- മെച്ചപ്പെട്ടത് തെരഞ്ഞെടുക്കൽ
- ടീച്ചർ എഴുതിയത് അവതരിപ്പിക്കുന്നു.
- കുട്ടികൾ മെച്ചപ്പെടുത്തി എഴുതുന്നു.
- നമ്മുടെ ജീവിതത്തിലെ അനുഭവങ്ങൾ എവിടെയാണെഴുതുക?
- ചർച്ച ഡയറിയെഴുത്തിന്റെ പ്രാധാന്യത്തിലേക്കു നയിക്കപ്പെടണം.

■ ഡയറിയിൽ എന്തൊക്കെ കാര്യങ്ങളാണെഴുതുക?

- ഓർമ്മയിൽ സൂക്ഷിക്കേണ്ട ഹൃദയസ്പർശിയായ അനുഭവങ്ങൾ
- സന്തോഷങ്ങൾ, വേദനകൾ
- കാഴ്ചകൾ, സംഭവങ്ങൾ

■ ഇവയെല്ലാം ആത്മാംശം കലർത്തി എഴുതുമല്ലോ. കുട്ടികൾ തുടർച്ചയായി ഡയറി എഴുതട്ടെ. അവയിൽ ചിലതെങ്കിലും നിത്യേന ക്ലാസിൽ വായിക്കട്ടെ. ടീച്ചറുടെ ഡയറിക്കുറിപ്പുകളും അവതരിപ്പിക്കാം.

## കുഞ്ഞുപാത്തുമ്മയുടെ ഡയറി, ടീച്ചർ തയ്യാറാക്കിയത്, വായിച്ചുനോക്കാം.

ഉപ്പയ്ക്ക് കത്തെഴുതിയപ്പോൾ മനസ്സുനിറയെ സന്തോഷമായിരുന്നു. വൃദ്ധനായ ആ ഭിക്ഷക്കാരന്റെ മരണം എല്ലാ സന്തോഷവും എടുത്തുകളഞ്ഞു. പാവം മനുഷ്യൻ! അയാൾക്കാരുമില്ലേ? എന്നെപ്പോലെ ഒരു മകൾ അയാൾക്കുമുണ്ടാകുമോ? എന്റെ ഉപ്പ എന്നെ സ്നേഹിക്കുന്നതുപോലെ അയാളും മകളെ സ്നേഹിക്കുന്നുണ്ടാവില്ലേ? വിശന്നുവലഞ്ഞാണോ അയാൾ മരിച്ചിട്ടുണ്ടാകുക? ജീവിച്ചിരുന്നപ്പോൾ അയാൾ എത്രമാത്രം വേദനിച്ചിട്ടുണ്ടാകും. എത്രയെത്ര പാവങ്ങളാണ് ഈ ലോകത്തുള്ളത്? ദുരിതവും കഷ്ടപ്പാടുമില്ലാത്ത ഒരു ലോകം എന്നെങ്കിലുമുണ്ടാകുമോ. ഹള്ളാ, ന്റെ ഉപ്പയെ കാത്തുകൊള്ളണേ. കഷ്ടപ്പെടുന്ന എല്ലാവരേയും കാത്തുകൊള്ളണേ....

**ഡയറി പ്രക്രിയാഘട്ടങ്ങൾ**

- ആഖ്യാനം
- വ്യക്തിഗതരചന
- ഗ്രൂപ്പിംഗ്
- ഗ്രൂപ്പിൽ വിലയിരുത്തൽ
- മെച്ചപ്പെടുത്തൽ
- അവതരണം
- ടീച്ചർ മാതൃക - അവതരണം
- എന്റെ ഡയറിയിലേക്ക്....

# തീം : കുട്ടിക്കാലം

**പാഠഭാഗങ്ങൾ : പള്ളിക്കൂടത്തിലേക്ക്, മുന്നറിയിപ്പ്**
**വ്യവഹാരരൂപങ്ങൾ : കഥ, സംഭാഷണം, ഡയറി, വിവരണം**

**ആഖ്യാനം :** "അന്ന് ഉണ്ണിക്കുട്ടൻ പതിവിലും നേരത്തെ ഉണർന്നു. ഇന്നവന് തിരക്കുള്ള ദിവസമാണ്. യൂണിഫോം തയ്ക്കാൻ കൊടുത്തതു വാങ്ങണം. ബാഗും പുസ്തകവും കുടയുമെല്ലാം വാങ്ങാൻ ടൗണിൽ പോകണം, അങ്ങനെ പല പല തിരക്കുകൾ. നാളെ മുതൽ സ്കൂളിൽ പോകേണ്ടതല്ലേ?"

ടൗണിൽപോയി വന്നപ്പോഴാണ് കൂട്ടുകാരൻ അപ്പുവിനെക്കുറിച്ച് അവനോർത്തത്. എന്തായാലും അവന്റെ വീട്ടിലൊന്നു പോണം. അവൻ അമ്മയോടു പറഞ്ഞ് അപ്പുവിന്റെ വീട്ടിലേയ്ക്കോടി.

അപ്പുവിന്റെ വീട്ടിൽ അന്ന് നല്ല വിശേഷമായിരുന്നു. അപ്പുവിന്റെ അമ്മാവൻ വന്നിട്ടുണ്ട്. പട്ടണത്തിലാണ് അമ്മാവൻ താമസിക്കുന്നത്. അപ്പുവും മറ്റുള്ളവരും അമ്മാവന്റെ ചുറ്റുമിരിക്കുകയാണ്. ഉണ്ണിക്കുട്ടനും അവരോടൊപ്പം ചേർന്നു. അമ്മാവൻ ഓരോ കഥകൾ പറഞ്ഞു. അക്കൂട്ടത്തിൽ കാടുകാണാൻ പോയ കഥയും പറഞ്ഞു. അമ്മാവൻ ഒരിക്കൽ അകലെയുള്ള ഒരു കാട് കാണാൻ പോയി.

- കാട്ടിൽ പോയ അമ്മാവൻ പറഞ്ഞ കഥകൾ എന്തൊക്കെയാവാം?
- സങ്കൽപ്പിച്ചുനോക്കൂ.... അതൊന്ന് എഴുതിയാലോ?
- കുട്ടികൾ വ്യക്തിഗതമായി കഥ എഴുതട്ടെ. ആവശ്യമായ സമയം അനുവദിക്കണം.
- ഓരോരുത്തരും എഴുതിയ കഥ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. (കഥ പൂർത്തിയാക്കിയവർ, ഏതാനും വാചകങ്ങൾ മാത്രം എഴുതിയവർ, എഴുതാൻ ശ്രമിച്ചവർ, ഒന്നും എഴുതാത്തവർ - ഗ്രൂപ്പിൽ ഉണ്ടാകുമല്ലോ. എഴുതാൻ സാധിക്കാത്തവർക്ക് അവരുടെ മനസ്സിലുള്ള കഥ ഗ്രൂപ്പിൽ അവതരിപ്പിക്കാൻ ആദ്യം അവസരം നൽകണം. ഇത്തരത്തിൽ ഗ്രൂപ്പിൽ മെച്ചപ്പെട്ട കഥ ഏതാണെന്ന് തെരഞ്ഞെടുക്കാം. വേണമെങ്കിൽ ഗ്രൂപ്പിൽ എല്ലാവരും ചേർന്ന് ഒരു കഥ മെനയുകയുമാകാം.)
- ഗ്രൂപ്പിലെ മെച്ചപ്പെട്ടത് / ഗ്രൂപ്പ് ഉല്പന്നം ഓരോ ഗ്രൂപ്പുകളും അവതരിപ്പിക്കുന്നു.
- ഏറ്റവും മെച്ചപ്പെട്ടത് കണ്ടെത്തിയതിന്റെ സൂചകങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തുന്നു.
- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്വയം വിലയിരുത്തൽ
- കഥയുടെ പുനർരചന നടത്തുന്നു. എന്റെ കഥാപുസ്തകത്തിലേക്ക്.

**കഥയെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- തുടക്കം
- തുടർച്ച
- ശൈലികൾ
- ഒഴുക്ക്
- പൂർണത
- ഒടുക്കം

**ടീച്ചർ തയ്യാറാക്കിയ കഥ**

ശങ്കുമ്മാവൻ കാട്ടിലേക്കു പോയി. എന്തെന്തു കാഴ്ചകളാണ് കാട്ടിൽ! പതഞ്ഞൊഴുകുന്ന കാട്ടാറുകൾ, പാറിപ്പറക്കുന്ന പക്ഷികളും നൂറുകണക്കിന് മൃഗങ്ങളും. പൂത്തുലഞ്ഞുനിൽക്കുന്ന വൃക്ഷങ്ങൾ. അകലെയൊരിടത്ത് കൂട്ടത്തോടെ നിൽക്കുന്ന കാട്ടാനകൾ. ശങ്കുമ്മാവൻ കാഴ്ചകൾ കണ്ടു നടന്നു. നേരം പോയതറിഞ്ഞില്ല. ഇരുട്ടു വീണുതുടങ്ങി. നല്ല തണുപ്പും. തിരിച്ചുപോയാലോ? ശങ്കുമ്മാവൻ നടന്നുതുടങ്ങി. നടന്നിട്ടും നടന്നിട്ടും നാട്ടിലെത്തുന്നില്ല. കനത്ത ഇരുട്ട്. അകലെ, കാട്ടിനുള്ളിലെവിടെയോ തുടികൊട്ടുന്ന ശബ്ദം. ശങ്കുമ്മാവൻ അങ്ങോട്ടു നടന്നു. അവിടവിടെയായി കാട്ടിനുള്ളിൽ ചെറിയ കൂരകൾ കാണാം. മുറ്റത്ത് തീ കൂട്ടിയിട്ടുണ്ട്. അമ്മാവൻ അവിടെച്ചെന്നു. കാട്ടിലെ ആദിവാസികളുടെ കുടിലുകളാണ്. അവെല്ലാവരും അമ്മാവന്റെ ചുറ്റും കൂടി. അമ്മാവൻ കാര്യമൊക്കെ പറഞ്ഞു. അവർ അമ്മാവന് ചുട്ടെടുത്ത കാട്ടുകിഴങ്ങ് നൽകി. കാട്ടുതേനും നൽകി. എത്ര നല്ല മനുഷ്യർ? രാത്രി മുഴുവൻ തുടികൊട്ടും നൃത്തവുമുണ്ടായിരുന്നു. പിറ്റേന്ന് രാവിലെ അവരിലൊരാൾ അമ്മാവനെ കൊണ്ടുവിട്ടു. ആ പാവപ്പെട്ട മനുഷ്യരുടെ സ്നേഹത്തെക്കുറിച്ച് അമ്മാവൻ വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നു.

**കഥ - പ്രക്രിയാഘട്ടങ്ങൾ**

- ആഖ്യാനം
- വ്യക്തിഗതമായി കഥാരചന
- ഗ്രൂപ്പിൽ അവതരണം
- മെച്ചപ്പെട്ടത് കണ്ടെത്തൽ / ഗ്രൂപ്പ് രചന
- ഗ്രൂപ്പുകളുടെ അവതരണം
- സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ
- ടീച്ചർ മാതൃക
- പുനർരചന (കഥാപുസ്തകത്തിലേയ്ക്ക്)

സംഭാഷണത്തിലേക്ക്....

(കഥയെഴുതിയതിന്റെ തുടർച്ചയായാണ് സംഭാഷണം തയ്യാറാക്കാനുള്ള പ്രവർത്തനം ഉൾപ്പെടുത്തിയിരിക്കുന്നത്. ആഖ്യാനത്തിന്റെ തുടർച്ച ശ്രദ്ധിക്കുമല്ലോ.)

അമ്മാവൻ കഥ പറഞ്ഞുകഴിഞ്ഞു. അമ്മാവൻ ഉണ്ണിക്കുട്ടനെ പരിചയപ്പെട്ടു. ഉണ്ണിക്കുട്ടന് കുറേ കാര്യങ്ങൾകൂടി അറിയണമെന്നു തോന്നി. കാട്ടിലെ വിശേഷങ്ങൾ - അവർ സംസാരിച്ചുതുടങ്ങി.

ഉണ്ണിക്കുട്ടനും ശങ്കുമ്മാവനും എന്തെല്ലാം കാര്യങ്ങൾ സംസാരിച്ചിട്ടുണ്ടാവും? നമുക്കൊന്നെഴുതിനോക്കാം.

- എങ്ങിനെയാണ് എഴുതേണ്ടത്?
- ചർച്ച - സംഭാഷണത്തിലേക്ക്
- വ്യക്തിഗതരചന - തങ്ങളുടേതായ ആശയത്തിൽ കുട്ടികൾ എഴുതട്ടെ.
- ഗ്രൂപ്പിൽ എല്ലാ കുട്ടികളും എഴുതിയ സംഭാഷണരൂപം അവതരിപ്പിക്കുന്നു. പഠനപിന്നോക്കക്കാരുടെ ആശയങ്ങൾ ആദ്യം പങ്കുവെക്കാൻ ശ്രദ്ധിക്കുമല്ലോ. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെട്ടവ തെരഞ്ഞെടുക്കുകയോ ഗ്രൂപ്പിന്റേതായ ഒരു ഉല്പന്നം സൃഷ്ടിക്കുകയോ ചെയ്യാം.
- ഗ്രൂപ്പിൽ തയ്യാറാക്കിയ സംഭാഷണരൂപം ഒരു റോൾപ്ലേ രൂപത്തിൽ ക്ലാസിൽ അവതരിപ്പിക്കുന്നു.
- വിലയിരുത്തൽ
  (ടീച്ചറിന്റെ പങ്കാളിത്തത്തോടെ ഗ്രൂപ്പ് ഉല്പന്നങ്ങളെ വിലയിരുത്തുന്നു. ആശയപരമായ, ഘടനാപരമായ തെറ്റുകളും ശൈലികളും അക്ഷരത്തെറ്റുകളും പരിഗണിക്കണം.)
- ടീച്ചർ തയ്യാറാക്കിയത് അവതരിപ്പിക്കുന്നു.
- പുനർരചന
  (വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തിയ രചന ഭാഷാ പുസ്തകത്തിൽ ചേർക്കുന്നു.)
- സംഭാഷണം - സൂചകങ്ങൾ
- തുടർച്ചയായ ആശയവിനിമയം
- അനുയോജ്യമായ ഭാഷ
- ലളിതം
- ആശയപൂർണത

## സംഭാഷണം - ടീച്ചർ തയ്യാറാക്കിയത്

| | | |
|---|---|---|
| ഉണ്ണിക്കുട്ടൻ | : | അമ്മാവൻ പിന്നീട് കാട്ടിൽ പോയോ? |
| അമ്മാവൻ | : | പിന്നെ ഒരിക്കൽ കൂടി പോയി. |
| ഉണ്ണിക്കുട്ടൻ | : | കൂടെ മറ്റാരെങ്കിലും ഉണ്ടായിരുന്നോ? |
| അമ്മാവൻ | : | ആ... എന്റെ ഒരു സുഹൃത്തും ഉണ്ടായിരുന്നു. |
| ഉണ്ണിക്കുട്ടൻ | : | ആ ആദിവാസികളെ വീണ്ടും കണ്ടോ? |
| അമ്മാവൻ | : | കണ്ടു. |
| ഉണ്ണിക്കുട്ടൻ | : | അവരെന്തു പറഞ്ഞു? |
| അമ്മാവൻ | : | അവർക്ക് വലിയ സന്തോഷമായി. ഞങ്ങളെക്കണ്ടപ്പോൾ അവരെല്ലാവരും കൂടി ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. |
| ഉണ്ണിക്കുട്ടൻ | : | എന്തൊക്കെത്തന്നു? |
| അമ്മാവൻ | : | കാട്ടുതേനും മുളയരിയുമൊക്കെ തന്നു. |
| ഉണ്ണിക്കുട്ടൻ | : | ഇനി പോകുമ്പോ ഞങ്ങളെയും കൊണ്ടുപോകുമോ? |
| അമ്മാവൻ | : | സ്കൂള് തുറന്നില്ലേ. ഓണക്കാലത്ത് കൊണ്ടുപോകാം. |

### സംഭാഷണം - പ്രക്രിയാഘട്ടങ്ങൾ

- ആഖ്യാനം
- വിവരശേഖരണം (ചർച്ച)
- ഗ്രൂപ്പിൽ അവതരണം
- മെച്ചപ്പെടുത്തൽ / ഗ്രൂപ്പ് രചന
- ഗ്രൂപ്പ് ഉല്പന്നം അവതരണം
- വിലയിരുത്തൽ
- ടീച്ചർ തയ്യാറാക്കിയത്
- പുനർരചന

### ഡയറിയിലേക്ക്....

ആഖ്യാനം : “ശങ്കുമ്മാവനോട് സംസാരിച്ചിരുന്ന് സമയം പോയതറിഞ്ഞില്ല. നാളെ നമ്മൾ എപ്പോഴാ അപ്പൂ പോകുന്നത്?" ഉണ്ണി ചോദിച്ചു.

"ഒമ്പത് മണിയ്ക്ക് പോകാം."

"എന്നാൽ ഞാൻ മാവിൻചുവട്ടിൽ കാത്തുനിൽക്കാം."

ഉണ്ണിക്കുട്ടനും അപ്പുവും എന്നും ഒന്നിച്ചാണ് ക്ലാസിലേക്ക് പോയിരുന്നത്. അവർ ഇപ്പോൾ നാലാം ക്ലാസിലാണ് പഠിക്കുന്നത്. അങ്ങനെ ഓരോ ദിവസവും കൊഴിയവേ ഉണ്ണിക്കുട്ടനും കൂട്ടുകാരും ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന ഒരു ദിവസം വന്നെത്തി.

അന്നവന് ഉറക്കം വന്നേയില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നു. ഇടയ്ക്കിടെ ക്ലോക്കിലേക്ക് നോക്കും. ശ്ശോ! എന്താ നേരം വെളുക്കാത്തത്?...

അവൻ ഇത്ര പ്രതീക്ഷയോടെ കാത്തിരുന്ന ആ ദിവസത്തിന്റെ പ്രത്യേകത എന്തായിരിക്കും?

(കുട്ടികൾ സ്വതന്ത്രമായി ഉത്തരം പറയട്ടെ.)

അമ്മ നൽകിയ ഭക്ഷണപ്പൊതിയുമായി ഉണ്ണി സ്കൂളിലെത്തി. കൂട്ടുകാരെല്ലാവരും എത്തിയിരുന്നു. അവർ ഒരു യാത്ര പോവുകയാണ്. എല്ലാവരും ബസ്സിൽ കയറി.

പൊങ്ങിയ സീറ്റിൽ ചാഞ്ഞുകിടന്നുകൊണ്ട് ഉണ്ണിക്കുട്ടൻ പുറത്തേയ്ക്ക് നോക്കി. പച്ചവിരിച്ച വയലുകളും തേയിലത്തോട്ടങ്ങളും കാപ്പിത്തോട്ടവും മാമരങ്ങളുമെല്ലാം മഞ്ഞിൽ പുതഞ്ഞുകിടക്കുന്നു. പഴശ്ശിസ്മാരകം കണ്ടു. മുത്തങ്ങയിലെ കാട് കണ്ടു.

കാരാപ്പുഴ ഡാമിനു മുകളിലൂടെ കൂട്ടുകാരുമൊത്ത് പാടിരസിച്ച് അവർ നടന്നു. എടയ്ക്കൽ ഗുഹ കയറിയപ്പോഴേയ്ക്കും കൈകാലുകൾക്കൊരു തളർച്ച. അടുത്ത സ്ഥലം പൂക്കോടാണെന്നറിഞ്ഞപ്പോൾ ക്ഷീണമെല്ലാം പമ്പകടന്നു. ഉച്ചയ്ക്കുശേഷം പൂക്കോടെത്തി. ഉണ്ണിക്കുട്ടനാണ് തോണിയുടെ അരികിലിരുന്നത്. മനോഹരമായ ആമ്പൽപ്പൂക്കൾ. ഉണ്ണി കൈനീട്ടി ഒരെണ്ണം പറിച്ചെടുത്തു.

ഉണ്ണീ... എനിക്കൊരെണ്ണം, എനിക്കൊരെണ്ണം,... കിട്ടാവുന്നത്ര പൂക്കൾ അവൻ ആർത്തിയോടെ പറിച്ചെടുത്തു. എല്ലാവരും സന്തോഷത്തോടെ ആമ്പൽപ്പൂക്കളും ഉയർത്തിപ്പിടിച്ച് കരയ്ക്കിറങ്ങിയപ്പോൾ അതാ കാവൽക്കാരൻ..!

"ഇവിടെ വരുന്നവരെല്ലാം ഇതുപോലെ പൂ പറിച്ചാൽ ഇതുവല്ലതും ബാക്കിയുണ്ടാകുമോ?" അയാൾ ശബ്ദമുയർത്തി ശകാരം തുടങ്ങി. അവിടെ കൂടിയിരുന്നവരെല്ലാം അവരെ കുറ്റപ്പെടുത്തി. ഉണ്ണിക്കുട്ടനും കൂട്ടരും കൂടെ അധ്യാപകരും തലതാഴ്ത്തി... നിശ്ശബ്ദരായി... എല്ലാവരുടേയും കുറ്റപ്പെടുത്തിയുള്ള നോട്ടവും സംസാരവും ഉണ്ണിയുടെ നേർക്ക്... തിരിച്ചുള്ള യാത്രയിൽ പാട്ടില്ല, ബഹളവുമില്ല.

'ഞാനാണല്ലോ ഈ പ്രശ്നത്തിന് കാരണം.' ഉണ്ണിക്കുട്ടന്റെ മനസ്സുനിറയെ ഈയൊരു ചിന്തയായിരുന്നു. വീട്ടിലെത്തിയ ഉണ്ണി തന്റെ ഡയറിയെടുത്തു.

എന്തായിരിക്കും ഉണ്ണി തന്റെ ഡയറിയിൽ എഴുതിയിട്ടുണ്ടാവുക? നിങ്ങൾക്കെഴുതാമോ?

- കുട്ടികൾ ഓരോരുത്തരും ഉണ്ണിക്കുട്ടന്റെ ഒരു ദിവസത്തെ ഡയറി എഴുതട്ടെ.

## ഡയറി - പ്രക്രിയാഘട്ടങ്ങൾ

- ആഖ്യാനം
- വ്യക്തിഗത രചന
- ഗ്രൂപ്പിൽ അവതരണം
- മാനദണ്ഡമനുസരിച്ച് വിലയിരുത്തൽ
- മെച്ചപ്പെട്ടത് അവതരണം
- ടീച്ചർ മാതൃക
- എന്റെ ഡയറി (തുടർപ്രക്രിയ)

## ടീച്ചർ മാതൃക - ഡയറി

ഇന്ന് എനിക്ക് വളരെയധികം സന്തോഷവും ദുഃഖവും ഉണ്ടായ ദിവസമായിരുന്നു. ഇന്ന് സ്കൂളിൽനിന്നും പോയ പഠനയാത്ര എത്ര സന്തോഷകരമായിരുന്നു. ടൂറിസ്റ്റ് ബസിൽ പാട്ടും ഡാൻസും ആർപ്പുവിളികളും. എനിക്ക് ബസ്സിലെ സൈഡ് സീറ്റാണ് കിട്ടിയത്. അതിനാൽ യാത്രയിൽ എല്ലാ സ്ഥലങ്ങളും കാണാൻ സാധിച്ചു. നെൽവയലുകളും തേയിലത്തോട്ടങ്ങളും മരങ്ങൾ തിങ്ങിനിറഞ്ഞ കാടുമെല്ലാം കാണാൻ നല്ല ഭംഗിയായിരുന്നു. മുത്തങ്ങ കാട്ടിൽ കാട്ടാനകളേയും മാനിനേയും എല്ലാം കണ്ടു. കാടിനുള്ളിലൂടെ പോയപ്പോൾ എനിക്ക് വല്ലാത്ത ഭയമായിരുന്നു. അമ്പലവയൽ ഫാമിലെ പൂക്കൾ മറക്കാൻ സാധിക്കുന്നില്ല. അമ്പുകുത്തിമല കയറിയപ്പോൾ കാലിനുണ്ടായ വേദന ഇപ്പോഴും മാറിയിട്ടില്ല. പൂക്കോട് തടാകത്തിലെ ബോട്ടുയാത്ര എത്ര സന്തോഷത്തോടെയായിരുന്നു.

പക്ഷെ, ഞാൻ ആ ആമ്പൽപൂക്കൾ പറിക്കരുതായിരുന്നു. അല്ലെങ്കിൽ ആ ഗാർഡിനോട് ചോദിച്ചിട്ട് പറിച്ചാൽ മതിയായിരുന്നു. ഞാൻ കാരണം എല്ലാവരുടേയും സന്തോഷം ഇല്ലാതായി. വഴക്കും കേട്ടു. ഞാൻ മാത്രമാണ് ആമ്പൽ എല്ലാം പറിച്ചുകൊടുത്തതെന്ന് ഗാർഡിനോട് പറയാമായിരുന്നു. അധ്യാപകർക്കും അപമാനമായിപ്പോയി. ഏതായാലും നാളെ ചെന്ന് എല്ലാവരോടും മാപ്പു പറയണം.

### ആഖ്യാനം തുടരുന്നു

പിറ്റേന്ന് ഉണ്ണിക്കുട്ടൻ ക്ലാസിലെത്തി. ഇന്ദിര ടീച്ചർ ക്ലാസിൽവന്നു. കുട്ടികൾ വയനാട് യാത്രയെക്കുറിച്ച് വാതോരാതെ സംസാരിച്ചു.

ടീച്ചർ പറഞ്ഞു: “ശരി, വയനാട് യാത്രയൊക്കെ ഇഷ്ടമായല്ലോ. ഇപ്പോൾ പറയൂ, വയനാടിനെക്കുറിച്ച് നമുക്കെന്തെല്ലാം അറിയാം?”

കുട്ടികൾ പറയട്ടെ

- വയനാടിന്റെ ആസ്ഥാനം
- ഭൂപ്രകൃതി
- വിനോദസഞ്ചാരകേന്ദ്രങ്ങൾ
- അയൽജില്ല
- പൂക്കോട്, എടക്കൽ, പഴശ്ശിസ്മാരകം, മുത്തങ്ങ, തിരുനെല്ലി.

ഇനി നമുക്ക് വയനാടിനെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കിയാലോ?

- കുട്ടികൾ വ്യക്തിപരമായി എഴുതട്ടെ
- ഗ്രൂപ്പിംഗ്
- ഗ്രൂപ്പിൽ വിലയിരുത്തുന്നു

(വയനാടിനെക്കുറിച്ചുള്ള എല്ലാ വസ്തുതകളും ഉൾപ്പെട്ടിട്ടുണ്ടോ, കൂടുതൽ എന്തൊക്കെയാണ് കൂട്ടിച്ചേർക്കേണ്ടത് എന്ന് ചർച്ച ചെയ്യുന്നു.)

- മെച്ചപ്പെട്ട വിവരണം തെരഞ്ഞെടുക്കുന്നു.

ഒന്നും എഴുതാത്തവർക്ക് പദസൂര്യന്റെ വെളിച്ചത്തിൽ എന്തെങ്കിലും പറയാനുണ്ടാവും. അത് പരിഗണിക്കണം. അങ്ങനെ ഗ്രൂപ്പിന്റെ ഒരു ഉല്പന്നം തയ്യാറാക്കണം.

- മെച്ചപ്പെട്ടതിന്റെ അവതരണം
  (എല്ലാ ഗ്രൂപ്പുകളും അവതരിപ്പിക്കട്ടെ.)
- വിലയിരുത്തൽ
  (ടീച്ചറിന്റെ സഹായത്തോടെ വിവരണത്തിന്റെ മേൻമ വിലയിരുത്തുന്നു.)
- ടീച്ചർ എഴുതിയത് അവതരിപ്പിക്കുന്നു.
- കുട്ടികൾ പുനർരചന നടത്തുന്നു.

വിവരണത്തിൽ എന്തെല്ലാം?

- 

## വിവരണം - പ്രക്രിയാഘട്ടങ്ങൾ

- ആഖ്യാനം
- വിവരശേഖരണം
- വ്യക്തിഗതരചന
- ഗ്രൂപ്പിംഗ്
- ഗ്രൂപ്പിൽ വിലയിരുത്തൽ
- മെച്ചപ്പെട്ടത് അവതരണം
- ടീച്ചർ തയ്യാറാക്കിയത്
- പുനർരചന
- എന്റെ ഭാഷാപുസ്തകത്തിലേക്ക്

## ടീച്ചർ തയ്യാറാക്കിയത്

**വയനാട്**

എന്റെ ജില്ലയാണ് വയനാട്. പേര് സൂചിപ്പിക്കുന്നതുപോലെ വയലുകൾ നിറഞ്ഞ നാടുതന്നെയാണിത്. നെൽകൃഷി മാത്രമല്ല, വാഴ, ഇഞ്ചി, കവുങ്ങ് എന്നിവയും വയലിൽ ഇപ്പോൾ കൃഷി ചെയ്യുന്നുണ്ട്. കരയിലാണെങ്കിലോ തേയിലയും കാപ്പിയും കുരുമുളകും. എവിടെ നോക്കിയാലും പച്ചതന്നെ. കുന്നുകളും മലകളും പാറക്കെട്ടുകളും പുഴകളും ഒക്കെ നിറഞ്ഞ് മനോഹരമായ പ്രദേശമാണിത്.

വിനോദസഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ട നാടാണിത്. പൂക്കോട് തടാകവും കുറുവാദ്വീപും മുത്തങ്ങാ വന്യമൃഗസങ്കേതവും സൂചിപ്പാറ വെള്ളച്ചാട്ടവും ഒക്കെ പ്രസിദ്ധമാണ്. ചരിത്രസ്മാരകങ്ങളായ പഴശ്ശികുടീരവും എടയ്ക്കൽ ഗുഹയും തെക്കൻകാശി എന്നറിയപ്പെടുന്ന തിരുനെല്ലിയും ഈ ജില്ലയിലാണ്.

കോഴിക്കോട് നിന്ന് കർണ്ണാടക സംസ്ഥാനത്തേയ്ക്കുള്ള ദേശീയപാത 212 ഈ ജില്ലയിലൂടെ കടന്നുപോകുന്നു. കർണ്ണാടക മാത്രമല്ല, തമിഴ്നാടും ഈ ജില്ലയോടുചേർന്ന് കിടക്കുന്നു. കോഴിക്കോടുനിന്നും വയനാടൻ ചുരത്തിലൂടെ ഉയരത്തിലേക്കുള്ള യാത്ര വളരെ രസകരമാണ്. ഇത്ര ഉയരത്തിലാണെങ്കിലും കാരാപ്പുഴ, ബാണാസുര സാഗർ എന്നീ അണക്കെട്ടുകളും കിഴക്കോട്ടൊഴുകുന്ന കബനീനദിയും വയനാടിന്റെ മനോഹാരിതയ്ക്ക് മാറ്റുകൂട്ടുന്നു.

# ആശയമേഖല : ജന്തുക്കൾ

**വ്യവഹാരരൂപങ്ങൾ : ഡയറി, നാടകം, അഭിമുഖം**
**പാഠങ്ങൾ : കാടുണരുന്നു – ജിറാഫുമായി അഭിമുഖം**

**ആഖ്യാനം :** കൊച്ചുസീത മിടുക്കിയാണ്. പൂക്കളേയും പൂമ്പാറ്റകളേയും അവൾക്കേറെയിഷ്ടമാണ്. കിളികളെ നോക്കിയിരിക്കുന്നതും കിളിപ്പാട്ടിന് കാതോർക്കുന്നതുമെല്ലാം അവളുടെ ഇഷ്ടവിനോദങ്ങളാണ്. അവളുടെ വീടിനുമുമ്പിലെ നെൽപ്പാടത്തിനുമക്കരെ അകലേക്കകലേക്കു വ്യാപിച്ചുകിടക്കുന്ന കാടുണ്ട്. ഇടക്കൊക്കെ കൂട്ടുകാരുമൊത്ത് അവൾ കാട്ടിൽ പോകാറുണ്ട്. ഒരു ദിവസം തനിയെ കാട്ടിലൊന്നു പോകണമെന്നവൾക്കുതോന്നി. ആരോടും അക്കാര്യം പറഞ്ഞില്ല. സാവകാശം നടന്ന് അവൾ കാട്ടിനുള്ളിലെത്തി. കാട്ടിനുള്ളിൽ സംഗീതക്കച്ചേരിയോ? അവൾ കാതോർത്തു. കിളിപ്പാട്ടുകൾ ഇടതടവില്ലാതെ മുഴങ്ങുന്നു. വിടർന്നുനിൽക്കുന്ന പൂക്കൾക്കുചുറ്റും പാറിപ്പറക്കുന്ന വണ്ടുകൾ - ചെടികളും മരങ്ങളുമെല്ലാം പൂത്തുലഞ്ഞുനിൽക്കുന്നു. കാടിന് ചെറുതേനിന്റെ മണം! എല്ലാം കൂടി ബഹുരസമായിരിക്കുന്നു. പെട്ടെന്ന് കുറച്ചകലെയായി ഒരനക്കം. അവളങ്ങോട്ടു നോക്കി. തലയുയർത്തി തന്നെത്തന്നെ നോക്കിനിൽക്കുന്ന സുന്ദരിയായ ഒരു മാൻകുട്ടി. ഇത്രയുമടുത്ത് മാനിനെക്കാണുന്നതാദ്യമാണ്. അടുത്തേക്കു ചെന്നാലോ? അവൾ ഒരു ചുവട് മുന്നോട്ടുവെച്ചു. മാൻകുട്ടി ഒരൊറ്റ ഓട്ടം. അയ്യോ, അവളെന്നെക്കണ്ട് പേടിച്ചതായിരിക്കുമോ? പെട്ടെന്നതാ മാൻകുട്ടി തട്ടിത്തെറിച്ചുവീണു. ഒരു കുഴിയിലാണ് വീണത്. മാൻകുഞ്ഞ് നിലവിളിച്ചുകൊണ്ട് പിടഞ്ഞെഴുന്നേറ്റു. തിരിഞ്ഞുനോക്കാതെ അകലേക്കോടി. കൊച്ചുസീതക്കു സങ്കടമായി. അവൾ സങ്കടത്തോടെ വീട്ടിലേക്കു മടങ്ങി.

ഈ കഥ ഇതേപ്രകാരം പറയുന്നതിനുപകരം ആശയമുൾക്കൊണ്ട് സ്വന്തം ഭാഷയിൽ പറയുമല്ലോ.

വീട്ടിൽ തിരിച്ചെത്തിയ സീതക്ക് ഒരുത്സാഹവും തോന്നിയില്ല. മനസ്സുനിറയെ മാൻകുട്ടിയുടെ ഓർമ്മകൾ. എന്തൊക്കെയാവാം അവളോർമ്മിച്ചിട്ടുണ്ടാവുക? അവൾ നിങ്ങളാണെന്നു സങ്കല്പിക്കൂ. എന്തായിരിക്കും നിങ്ങളുടെ ചിന്തകൾ?

- കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു.
- കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഗ്രൂപ്പംഗങ്ങൾ അവരവരുടെ രചനകൾ ഗ്രൂപ്പിൽ വായിക്കുന്നു. എഴുതാത്തവരുണ്ടെങ്കിൽ അവർക്കു പറയാൻ അവസരം നൽകണം.
- കുട്ടികൾ അവരുടെ സ്വന്തം മാനദണ്ഡങ്ങൾക്കനുസൃതമായി ഓരോ ഗ്രൂപ്പിൽനിന്നും മികച്ച ഓരോ രചന കണ്ടെത്തുന്നു.
- ഓരോ ഗ്രൂപ്പും ഗ്രൂപ്പുകളിലെ മികച്ച രചനകൾ പൊതുവായി അവതരിപ്പിക്കുന്നു.
- മെച്ചപ്പെട്ട ഈ രചനകൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു.
- ഇനിയൊരു ചർച്ചയാവാം. പ്രദർശിപ്പിച്ച രചനകളുടെ സവിശേഷതകൾ എന്തൊക്കെയാണ്?

- സ്വന്തം ശൈലി
- ആത്മാംശം പ്രതിഫലിക്കുന്നു.
- വികാരത്തിനും വിചാരത്തിനും അനുസരിച്ചുള്ള എഴുത്ത്.
- തട്ടും തടവുമില്ലാത്ത ഭാഷ
- ആശയങ്ങളെ ക്രമീകരിച്ചിരിക്കുന്നു.
- ആവർത്തനമില്ല.
- അവതരണത്തിന്റെയും ചർച്ചയുടെയും ഓരോ ഘട്ടത്തിലും പഠനം നടക്കുന്നുണ്ട്.

● നിങ്ങളുടെ രചനകൾ വായിച്ചുകേട്ടല്ലോ. കൊച്ചുസീത ഇക്കാര്യമൊക്കെ എഴുതിയാൽ എങ്ങനെയായിരിക്കും? ടീച്ചർ തയ്യാറാക്കിയത് കേട്ടാലോ.

കാട് എത്ര മനോഹരമായിരുന്നു. പൂത്തുലയുന്ന ചെടികളും മരങ്ങളും. കാട് നിറയെ തേനിന്റെ ഗന്ധം. പെട്ടെന്നു മുന്നിലെത്തിയ ആ മാൻകുട്ടി എത്ര സുന്ദരിയായിരുന്നു! അവൾക്കെന്നെ പേടിയാണോ? പിന്നെന്താ ഓടിയത്? അതുകൊണ്ടല്ലേ വീണത്? പാവം! വേദനിച്ചുകാണും. എന്നോടു പിണങ്ങിക്കാണും. ഇനി എന്നെങ്കിലും അതിനെ കാണാൻ കഴിയുമോ? അതിനെ ഒന്നു തൊടാൻ കഴിയുമോ? എന്റെ പ്രിയപ്പെട്ട മാൻകുട്ടീ, നിന്നെ ഞാൻ കാത്തിരിക്കും.

നമ്മുടെ നിത്യജീവിതത്തിലെ ഇത്തരം അനുഭവങ്ങൾ നിങ്ങൾ കുറിച്ചിടാറുണ്ടോ? എവിടെയാണ് കുറിച്ചിടുന്നത്?

ഡയറി

ദിനചര്യകളെഴുതേണ്ടതുണ്ടോ?

എന്തൊക്കെയെഴുതാം?

- മധുരതരമായ അനുഭവങ്ങൾ
- ഹൃദയസ്പർശിയായ അനുഭവങ്ങൾ
- നല്ല മുഹൂർത്തങ്ങൾ
- സങ്കടങ്ങൾ, ആഹ്ലാദങ്ങൾ
- കാഴ്ചകൾ, വായനാനുഭവം
- പിന്നെ?
- 

പൊതുചർച്ചയിലൂടെ ഡയറിഎഴുത്തിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുമല്ലോ?

എല്ലാ ദിവസവും കുട്ടികൾ ഡയറി എഴുതട്ടെ.
അവ ക്ലാസുമുറിയിൽ പരിഗണിക്കപ്പെടണം.
ടീച്ചറുടെ ഡയറിക്കുറിപ്പും ഇടക്കിടെ വായിക്കാവുന്നതാണ്.
നല്ല രചനകൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുകയുമാവാം.

## വ്യവഹാരരൂപം : നാടകം

കൊച്ചുസീതയെക്കണ്ട് ഓടിപ്പോയ മാൻകുട്ടിയെക്കുറിച്ചാണല്ലോ പറഞ്ഞുനിർത്തിയത്. മാൻകുട്ടിയുടെ നിലവിളി കേട്ട് തള്ളമാൻ ഓടിവന്നു. മാൻകുട്ടിക്ക് സീതയോട് ദേഷ്യമൊന്നുമില്ല. പക്ഷേ, കുഴിയിൽ വീണപ്പോൾ വേദനിച്ചുപോയി. മാൻകുഞ്ഞ് അമ്മയോട് കാര്യമെല്ലാം പറഞ്ഞു. അപ്പോഴേക്കും കാട്ടിലെ മറ്റു മൃഗങ്ങളുമെത്തി. പരിവാരങ്ങളേയും കൂട്ടി മൃഗരാജനും അവിടെയെത്തി. എല്ലാവരും ബഹുമാനത്തോടെ മൃഗരാജനെ വണങ്ങി. തൊട്ടടുത്തുള്ള അരയാലിൻചുവട്ടിൽ മൃഗരാജനിരുന്നു. മറ്റുള്ളവർ ചുറ്റും നിലയുറപ്പിച്ചു.

- കാക്കച്ചി
- മയിലമ്മ
- കുറുക്കച്ചൻ
- തത്തമ്മ
- കൊമ്പനാന
- കുരങ്ങൻ

തള്ളമാൻ കാര്യങ്ങളെല്ലാം വിശദീകരിച്ചു. മാൻകുട്ടിയുടെ കാലുകൾക്ക് വല്ലാത്ത വേദനയുണ്ടായിരുന്നു. അവൾ തലകുമ്പിട്ട് നിലത്തിരിക്കുകയായിരുന്നു. മൃഗരാജൻ എല്ലാവരോടുമായി പറഞ്ഞു:

"എന്തായാലും എല്ലാവരേയും ഒരുമിച്ചു കാണാൻ കഴിഞ്ഞല്ലോ. കാട്ടിലിപ്പോൾ പല ആപത്തുകളും കണ്ടുവരുന്നുണ്ട്. നിങ്ങളെയൊക്കെ വിളിച്ചുകൂട്ടണമെന്ന് കരുതിയിരിക്കുകയായിരുന്നു ഞാൻ. നിങ്ങൾക്കു പറയാനുള്ളത് പറയാം. എനിക്കു പറയാനുള്ളത് ഒടുവിൽ പറയാം."

ഈ സദസ്സിൽ എന്തൊക്കെ കാര്യങ്ങളായിരിക്കാം അവർ പറഞ്ഞിട്ടുണ്ടാകുക. നമുക്കൊന്ന് പറഞ്ഞുനോക്കിയാലോ.

* കുട്ടികളോരോരുത്തരും മുകളിൽ പറഞ്ഞ പക്ഷികളും മൃഗങ്ങളുമായി മാറട്ടെ. ഗ്രൂപ്പുകളായിത്തിരിഞ്ഞ് അവർ സ്വന്തമായി പറയാനുള്ള കാര്യങ്ങൾ തീരുമാനിക്കട്ടെ. ഇത്തരമൊരു പ്ലാനിംഗിനുശേഷം അവതരണം - ഈ ഘട്ടത്തിൽ സ്ക്രിപ്റ്റ് എഴുതിത്തയ്യാറാക്കേണ്ടതില്ല - ഇപ്പോൾ improvisation അഥവാ മനോധർമ്മമനുസരിച്ചുള്ള അവതരണം മാത്രം മതി.

- അവതരണത്തിനുശേഷം പൊതുചർച്ചയിലൂടെ ഓരോന്നും വിലയിരുത്തുന്നു.
- മെച്ചപ്പെട്ടവ കണ്ടെത്തുന്നു. അവയുടെ സവിശേഷതകൾ വിലയിരുത്തുന്നു.

നാടകരചനയെക്കുറിച്ചൊരു ലഘുചർച്ച:

കഥാപാത്രങ്ങൾ, രംഗസജ്ജീകരണം - ചമയം - സംഭാഷണം, നാടകത്തിന്റെ പേര് തുടങ്ങിയ കാര്യങ്ങൾ ചർച്ചയിലൂടെ വിശദമാക്കപ്പെടണം

- പുതുതായി ലഭിച്ച ധാരണകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ നാടകത്തിന്റെ സ്ക്രിപ്റ്റ് രൂപപ്പെടുത്തുന്നു.
- വായിച്ചവതരിപ്പിക്കൽ
- തയ്യാറാക്കിയ സ്ക്രിപ്റ്റുകളുടെ പ്രദർശനം.

തുടർന്ന് ടീച്ചർ തയ്യാറാക്കിയ നാടകം അവതരിപ്പിക്കുന്നു.

## കാടെരിയുമ്പോൾ

കാട്ടിലൊരിടത്ത് പക്ഷിമൃഗാദികൾ ഒത്തുകൂടിയിരിക്കുന്നു. പടർന്നുപന്തലിച്ച അരയാലിൻചുവട്ടിൽ മൃഗരാജനായ സിംഹം ഇരിക്കുന്നു. തൊട്ടടുത്ത് മന്ത്രിയായ കുറുക്കച്ചനുമുണ്ട്.

മൃഗരാജൻ : മന്ത്രീ, കാട്ടിലെ ആപത്തുകളെക്കുറിച്ച് നാം പറഞ്ഞുവല്ലോ. കാര്യങ്ങളെല്ലാം ഇവരോട് വിശദമായിപ്പറയൂ.

കുറുക്കച്ചാർ: പ്രിയപ്പെട്ടവരേ, ഇതു വേനൽക്കാലമാണ്. കാട്ടിലാകെ തീ പടർന്നിരിക്കുന്നു. ആരാണ് ഈ കൊടുംചതി ചെയ്യുന്നതെന്നറിഞ്ഞുകൂടാ.

മയിലമ്മ : നിലത്തിറങ്ങാൻ വയ്യ. മരക്കൊമ്പിലിക്കാനും വയ്യ.

കാക്കച്ചി : കാട്ടിലാകെ മദ്യക്കുപ്പികളും പ്ലാസ്റ്റിക്കുമാണ്.

തത്തമ്മ : ടൂറിസ്റ്റുകളാണിതെല്ലാം ചെയ്യുന്നത്. ഞാൻ കണ്ടതാ.

കൊമ്പനാന: മുളകളെല്ലാം പൂത്തുലഞ്ഞിട്ടുണ്ട്. കൊഴിഞ്ഞുവീഴുന്ന മുളയരികളെല്ലാം കത്തിപ്പോവുകയാണ്. കുടിക്കാൻ തീരെ വെള്ളമില്ല.

കുരങ്ങൻ : കാട് നശിപ്പിക്കരുതെന്ന് ബോർഡുവെച്ചാലോ? (എല്ലാവരും ഇതു കേട്ട് പൊട്ടിച്ചിരിക്കുന്നു.)

മൃഗരാജൻ : കുരങ്ങൻ പറഞ്ഞതിൽ കാര്യമുണ്ട്. ഈ കാട് മനുഷ്യർക്കുമാത്രമുള്ളതല്ല. എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണിത്. ഈ പാഠം മനുഷ്യരെ പഠിപ്പിക്കാൻ നമുക്ക് കഴിയണം. എഴുത്തറിയുന്ന മനുഷ്യരാണ് കാട് മുടിക്കുന്നത്. എഴുത്തറിയാത്ത നമ്മൾ അവർക്കു പാഠം നൽകണം. കാട്ടിൽവരുന്ന ഓരോ മനുഷ്യനോടും കാട് നശിപ്പിക്കരുതേ എന്ന് നമുക്ക് പറയാം.

പക്ഷിമൃഗാദികൾ ഒരുമിച്ച് : മനുഷ്യരേ, ഈ കാട് നമ്മുടെ വീടാണ് ഇത് നശിപ്പിക്കരുതേ...

തുടർപ്രവർത്തനം : പോസ്റ്റർ നിർമ്മാണം

# തീം : വനസംരക്ഷണം

**പ്ലാസ്റ്റിക് നിർമ്മാർജ്ജനം**
**വ്യവഹാരരൂപം : അഭിമുഖം**

ഈ പ്രവർത്തനം 'ജിറാഫുമായി ഒരഭിമുഖം' എന്ന പാഠവുമായി ബന്ധിപ്പിച്ചുനൽകിയാൽ മതി.

**ആഖ്യാനം :** കൊച്ചുസീതയെ ഓർമ്മയില്ലേ? കാടുണരുന്നു എന്ന പാഠം പഠിച്ചപ്പോൾ പരിചയപ്പെട്ട പെൺകുട്ടി. അവളെക്കുറിച്ച് ചില കാര്യങ്ങൾ കൂടി പറയാനുണ്ട്. നാലാം ക്ലാസിലാണവൾ പഠിക്കുന്നത്. പഠിക്കാൻ നല്ല മിടുക്കി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും അവൾക്ക് 'എ' ഗ്രേഡ് കിട്ടി. അവളുടെ അച്ഛന് വലിയ സന്തോഷമായി. എല്ലാ പരീക്ഷയിലും 'എ' ഗ്രേഡ് കിട്ടിയാൽ മൃഗശാലയിൽ കൊണ്ടുപോകാമെന്ന് അച്ഛൻ അവൾക്കു വാക്കുകൊടുത്തിട്ടുണ്ടായിരുന്നു. അങ്ങനെ അവളും അച്ഛനും അമ്മയും കൂടി തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെത്തി. പക്ഷികളേയും മൃഗങ്ങളേയും അവൾക്കിഷ്ടമാണെന്നു പറഞ്ഞല്ലോ. മൃഗശാലയിലെ എല്ലാ പക്ഷികളേയും മൃഗങ്ങളേയും അവർ കണ്ടു. അവയുടെ കൂട്ടത്തിൽ തലയെടുപ്പുള്ള ജിറാഫിനെയും കണ്ടു. ജിറാഫിനെക്കുറിച്ച് കൂടുതലൊന്നും അവൾക്കറിയില്ല. ആരോടു ചോദിക്കും? മൃഗശാലയുടെ സൂക്ഷിപ്പുകാരനോട് ചോദിച്ചാലോ. എന്തൊക്കെയാണ് ചോദിക്കേണ്ടത്? അവൾ ആലോചിച്ചു. ചോദ്യങ്ങൾ മനസ്സിലുറപ്പിച്ചു.

എന്തൊക്കെ ചോദ്യങ്ങളാവാം അവൾ ചോദിക്കാൻ പോകുന്നത്?

- കുട്ടികൾ വ്യക്തിഗതമായി അഭിമുഖത്തിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നു.
- ഗ്രൂപ്പിംഗ് - ഗ്രൂപ്പിൽ ഓരോരുത്തരും ചോദ്യങ്ങൾ വായിക്കുന്നു.
- പൊതുചർച്ചയിലൂടെ ചോദ്യാവലി തയ്യാറാക്കുന്നു (ഗ്രൂപ്പിൽ)
- ഗ്രൂപ്പുകളുടെ അവതരണം
- പൊതുചർച്ചയിലൂടെ ചോദ്യാവലി രൂപപ്പെടുന്നു - ടീച്ചർക്ക് പ്രസക്തമായ ചോദ്യങ്ങൾ കൂട്ടിച്ചേർക്കാം.
- അഭിമുഖം നടത്തേണ്ടതെങ്ങനെ?
- പ്രസക്തമായ ചോദ്യങ്ങൾ
- ആവർത്തനം ഒഴിവാക്കുക
- വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രം ചോദിക്കുക.
- പരസ്പരബന്ധംവേണം.
- ജിറാഫിന്റെ ആഹാരമെന്തൊക്കെയാണ്?
- ആഹാരത്തിന്റെ അളവ്?
- ജിറാഫ് ഏറെയുള്ളത് എവിടെയാണ്?
- ഉറങ്ങുന്നതെങ്ങനെ? കിടന്നോ നിന്നോ?
- 

# തീം : ദേശീയബോധം

**യൂണിറ്റുകൾ : ഉണർവ്വിന്റെ വഴി**
**തൂലികാചിത്രം : നോട്ടീസ്, പത്രവാർത്ത**

(സ്വാമി വിവേകാനന്ദന്റെ തൂലികാചിത്രമാണ് തയ്യാറാക്കേണ്ടത്. ഇതിന് സ്വാമി വിവേകാനന്ദനെക്കുറിച്ച് കുട്ടി അറിയേണ്ടതുണ്ട്. അതിനായി എന്തെല്ലാം പ്രവർത്തനങ്ങളൊരുക്കാം?)

**പ്രവർത്തനം 1**

നിങ്ങളെന്തെല്ലാം കളികളാണ് സാധാരണ കളിക്കുന്നത്?

(അധ്യാപകന്റെ ചോദ്യത്തിന് കുട്ടികൾ ഇഷ്ടമുള്ള ഉത്തരങ്ങൾ പറയുമല്ലോ)

"ശരി, നമുക്കിന്ന് പുതിയൊരു കളി കളിക്കാം. എല്ലാവരും നിലത്ത് ചമ്രം പടിഞ്ഞിരിക്കണം. കണ്ണുകളടച്ച് കൈകൾ മടിയിൽ വിരിച്ചുവച്ച് അനങ്ങാതെ, മിണ്ടാതെ നിവർന്നിരിക്കണം."

(ഇടയ്ക്ക് കണ്ണുതുറക്കുന്നവരേയും അനങ്ങുന്നവരേയും കളിയിൽനിന്നൊഴിവാക്കി ഏറ്റവും ഒടുവിൽ വരുന്ന കുട്ടിയെ വിജയിയായി പ്രഖ്യാപിക്കുക)

"ഈ കളിക്ക് ഒരു പേര് പറയാമോ?"

ഇതാണ് "ധ്യാനലീല".

"നരേയന്റെയും കൂട്ടുകാരുടെയും കളിയാണിത്." (തുടർന്ന് നരേയെന്റെ ജീവിതത്തിലെ ഒരു സംഭവം അവതരിപ്പിക്കുന്നു.)

"ഒരു ദിവസം ഓടിക്കളിച്ച് ക്ഷീണിച്ചപ്പോൾ നരേയൻ തന്റെ കൂട്ടുകാരെയെല്ലാം ഒരു മരച്ചുവട്ടിലേക്ക് വിളിച്ചു. ധ്യാനലീല ആരംഭിച്ചു. അധികസമയം പിടിച്ചുനിൽക്കാൻ വികൃതിയായ രാമുവിന് കഴിഞ്ഞില്ല. അവൻ ഒരു കണ്ണ് പതുക്കെ തുറന്നുനോക്കി. അവൻ കണ്ട കാഴ്ച ഭയാനകമായിരുന്നു. നരേന്റെ മുമ്പിൽ പത്തിവിടർത്തിനിൽക്കുന്ന ഒരു മൂർഖൻ പാമ്പ്. "അയ്യോ, പാമ്പ്! കൂട്ടുകാർ കണ്ണ് തുറന്നു. കണ്ടവർ കണ്ടവർ പേടിച്ച് മാറിനിന്നു. ധ്യാനത്തിൽ മുഴുകിയ നരേയൻ ഇതൊന്നുമറിഞ്ഞില്ല...."

പിന്നീട് എന്തു സംഭവിച്ചിരിക്കും?... ആരാണീ നരേയൻ?

നിങ്ങൾക്കറിയണ്ടേ? ഇതൊന്ന് വായിച്ചുനോക്കൂ. (വിവേകാനന്ദനെ സംബന്ധിച്ച വിവരങ്ങൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുക. കുട്ടികൾ വായിക്കട്ടെ.)

ചാർട്ടിലെഴുതാം.

ടീച്ചർ തയ്യാറാക്കിയ വിവേകാനന്ദനെക്കുറിച്ചുള്ള കുറിപ്പ് കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. കുറിപ്പ് തയ്യാറാക്കിയ വിധം വിവരിച്ചുകൊടുക്കുമല്ലോ.

## സ്വാമി വിവേകാനന്ദൻ

1863 ജനുവരി 12-ന് നിയമപണ്ഡിതനും വക്കീലുമായ വിശ്വനാഥദത്തയു ടെയും ഇതിഹാസ പുരാണാദികളിൽ പണ്ഡിതയുമായ ഭുവനേശ്വരിയുടെയും മകനായി കൊൽക്കൊത്തയിൽ ജനിച്ചു. നരേന്ദ്രനെ നരേയൻ എന്നു വിളിച്ചത് അവന്റെ കൂട്ടുകാരാണ്. കുട്ടിക്കാലത്ത് അവൻ മഹാവികൃതിയായിരുന്നു. സ്കൂളിൽ പോയല്ല അവൻ പഠിച്ചത്. ട്യൂഷൻ മാസ്റ്റർ വീട്ടിൽ വന്നു പഠിപ്പിക്കുമായിരുന്നു. ബാല്യകാലത്തുണ്ടായിരുന്ന വികൃതിത്തരമൊന്നും വലുതായപ്പോൾ അവനുണ്ടാ യിരുന്നില്ല. കോളേജിലെ ഏറ്റവും മിടുക്കനും സ്നേഹമുള്ളവനുമായിരുന്നു അവൻ. "ദൈവത്തെ കണ്ടെത്തുക" എന്ന ആഗ്രഹമായിരുന്നു നരേന്റെ മനസ്സുനിറയെ. ഈ അന്വേഷണത്തിനിടയിൽ ശ്രീരാമകൃഷ്ണപരമഹംസരുടെ സന്ദേശങ്ങൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ ശിഷ്യനായി. 'വിവേകാനന്ദൻ' എന്ന പേര് സ്വീക രിച്ചു. മാതൃരാജ്യത്തിനുവേണ്ടി പല രാജ്യങ്ങളിലും സഞ്ചരിച്ചു. 1893 സെപ്തം ബർ 11-ന് ഐക്യരാഷ്ട്രസഭയുടെ ചിക്കാഗോ സമ്മേളനത്തിൽ ഇന്ത്യയുടെ പ്രതി നിധിയായി സംസാരിച്ചു. 1897-ൽ ശ്രീരാമകൃഷ്ണമിഷൻ സ്ഥാപിച്ചു. 1902 ജൂലൈ 4-ന് അന്തരിച്ചു.

**ആഖ്യാനം :** പത്തിവിടർത്തിനിന്നിരുന്ന സർപ്പം അൽപ്പസമയം അങ്ങനെ നിന്നു. നരേയന് യാതൊരു അനക്കവുമില്ലാതിരുന്നതിനാൽ, അത് പത്തി താഴ്ത്തി മാളത്തി ലേക്ക് മടങ്ങി. കൂട്ടുകാർ വന്ന് തട്ടിവിളിച്ച് കാര്യം പറഞ്ഞപ്പോഴാണ് നരേയൻ കാര്യങ്ങൾ അറിഞ്ഞതുതന്നെ..."

**<u>പ്രവർത്തനം 2</u>**

(വിവേകാനന്ദന്റെ ചിത്രം വരച്ചതോ, ഒട്ടിച്ചതോ ആയ ചാർട്ട് പ്രദർശിപ്പിച്ചുകൊണ്ട്)

"ഇപ്പോൾ കഥയിൽ വായിച്ച വ്യക്തിയാണിത്" (ചിത്രം ചൂണ്ടിക്കാണിക്കുന്നു.)

"ഇദ്ദേഹത്തെക്കുറിച്ച് നിങ്ങൾക്ക് മനസ്സിലായവ ഓരോ വാക്യങ്ങളിലായി നമുക്ക് ചിത്രത്തിന്റെ താഴെ രേഖപ്പെടുത്താം."

ആവശ്യമെങ്കിൽ വിവരണം ഒരിയ്ക്കൽ കൂടി വായിക്കാനവസരം നൽകാം. എല്ലാ വരും വായിച്ചതിനുശേഷം ചാർട്ട് മടക്കിയിടണം. ഇനി ഓരോ വാക്യങ്ങളിൽ കുട്ടികൾ അവരുടെ ആശയം പങ്കുവെക്കട്ടെ. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് ആദ്യം അവസരം നൽകണം. കുട്ടികൾ പറയുന്ന വാക്യങ്ങൾ ആദ്യം ബോർഡിൽ എഴുതാം. ആവശ്യമായ ഇടപെടലുകൾ അധ്യാപികയുടെ ഭാഗത്തുനിന്നുണ്ടാകണം. ബോർഡിൽ എഴുതിയ വാക്യങ്ങളെ ഒന്നു ക്രമപ്പെടുത്തി പറയാൻ തുടർന്ന് നിർദ്ദേശിക്കാം. ക്രമപ്പെടു ത്തിയ വാക്യങ്ങൾ ചാർട്ടിൽ എഴുതാം. (അപ്പോൾ ക്ലാസ്സിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന തരത്തിലുള്ള ഒരു ഉൽപന്നം ലഭിക്കുമല്ലോ.)

**<u>സ്വാമി വിവേകാനന്ദൻ</u>**

വിവേകാനന്ദന്റെ ചിത്രം

1863 ജനുവരി 12-ന് ജനിച്ചു.
അച്ഛൻ വിശ്വനാഥദത്ത, അമ്മ ഭുവനേശ്വരി
കൂട്ടുകാർ നരേയൻ എന്നു വിളിച്ചു.
സ്കൂളിൽ പഠിക്കാൻ സാധിച്ചില്ല.
ദൈവത്തെ കണ്ടെത്താൻ ശ്രമിച്ചു.
ശ്രീരാമകൃഷ്ണപരമഹംസരുടെ ശിഷ്യൻ
വിവേകാനന്ദൻ എന്ന പേരു സ്വീകരിച്ചു.
ചിക്കാഗോയിൽ പ്രസംഗിച്ചു.
മാതൃരാജ്യത്തിനുവേണ്ടി പല രാജ്യങ്ങൾ സന്ദർശിച്ചു.
1897-ൽ ശ്രീരാമകൃഷ്ണമിഷൻ സ്ഥാപിച്ചു.
1902-ൽ ജൂൺ 4-ന് അന്തരിച്ചു.

- നിങ്ങളുടെ ഗ്രൂപ്പിന്റെ പേരിനനുസൃതമായ തൂലികാചിത്രമാണ് ഓരോ ഗ്രൂപ്പും തയ്യാറാക്കേണ്ടത്. തൂലികാചിത്രം തയ്യാറാക്കാൻ എന്തെല്ലാം സാമഗ്രികൾ വേണം?

  (ചാർട്ട്, ചിത്രം, വായനാസാമഗ്രി, എന്നിവ വിതരണം ചെയ്യുന്നു.)

- വായനാസാമഗ്രി ഗ്രൂപ്പിലൊരാൾ വായിക്കുക. പ്രധാനാശയങ്ങൾ വ്യക്തമായി രേഖപ്പെടുത്തുക. (ആവശ്യമെങ്കിൽ വായനാസാമഗ്രി കൈമാറി വായിക്കാൻ അവസരം നൽകണം. എന്തായാലും വായനയിലൂടെ കുട്ടിക്ക് ആശയം ലഭിക്കാനുള്ള സൗകര്യം ഒരുക്കണം. വായനയിൽ പിന്നോക്കം നിൽക്കുന്നവർക്ക് വായിച്ചു കേൾക്കാനുള്ള അവസരം ലഭിക്കുമല്ലോ?

ശ്രീനാരായണഗുരു, ജവഹർലാൽ നെഹ്റു ഇവരെക്കുറിച്ചുള്ള വായനാസാമഗ്രികൾ നൽകി. തൂലികാചിത്രം തയ്യാറാക്കുക.

- ഗ്രൂപ്പിലെ മെച്ചപ്പെട്ട രചന കണ്ടെത്തൽ

(മെച്ചപ്പെട്ടത് കണ്ടെത്തുന്ന മാനദണ്ഡം കുട്ടികൾ തന്നെ പറയട്ടെ. ചിലപ്പോൾ മുഴുവൻ രചനകളിലെ ഒന്നായിരിക്കും മെച്ചപ്പെട്ടത്. അല്ലെങ്കിൽ എല്ലാവരുടേയും പങ്കാളിത്തത്തോടെ ഗ്രൂപ്പിന്റെ ഒരു രചന കണ്ടെത്തണം.)

**ക്രമപ്പെടുത്തൽ :** ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നതോടൊപ്പം സംഭവങ്ങളെ കാലത്തിനനുസരിച്ച് ക്രമപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

**അവതരണം :** ഓരോ ഗ്രൂപ്പിന്റേയും അവതരണത്തോടൊപ്പം ടീച്ചറുടെ മേൽനോട്ടത്തിൽ ചർച്ച ചെയ്ത് രേഖപ്പെടുത്തുന്നു. (പൊതുവായ മാനദണ്ഡങ്ങൾ ചർച്ചയിലൂടെ രേഖപ്പെടുത്തുന്നു.)

**മെച്ചപ്പെടുത്തൽ :** ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ഗ്രൂപ്പുകൾ തങ്ങളുടെ തൂലികാചിത്രങ്ങൾ മെച്ചപ്പെടുത്തി ചാർട്ടിൽ രേഖപ്പെടുത്തുന്നു.

**പൊതുപ്രകാശനം :** ഓരോ ഗ്രൂപ്പും മെച്ചപ്പെടുത്തിയ തൂലികാചിത്രങ്ങൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു.

ഈ തൂലികാചിത്രങ്ങൾ ശേഖരണപുസ്തകത്തിലേക്ക്

ഓരോ ഗ്രൂപ്പിലും നടക്കുന്ന പ്രവർത്തനം നിരന്തരം വിലയിരുത്താൻ അധ്യാപിക ശ്രമിക്കണം.

തൂലികാചിത്രം മാനദണ്ഡങ്ങൾ

- വ്യക്തിയുടെ പരമാവധി സവിശേഷത കണ്ടെത്തണം.
- സംഭവങ്ങൾ കാലത്തിനനുസരിച്ച് ക്രമീകരിക്കുന്നു.
- വസ്തുതകൾ ചുരുക്കി പ്രതിപാദിക്കുന്നു.

**1. വായനാസാമഗ്രി : 1**

## ജവഹർലാൽ നെഹ്റു

1889 നവംബർ 14-ാം തീയതി അലഹബാദിലാണ് നെഹ്റു ജനിച്ചത്. മോത്തിലാൽ നെഹ്റുവും സ്വരൂപ്റാണിയുമായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ. ചെറുപ്പം മുതൽതന്നെ ധാരാളം പുസ്തകങ്ങൾ വായിക്കുമായിരുന്നു. 15-ാം വയസ്സിൽ അച്ഛനമ്മമാരോടൊപ്പം ഇംഗ്ലണ്ടിൽ എത്തി. വിദ്യാഭ്യാസം അവിടെയായിരുന്നു. ബാരിസ്റ്ററായി പുറത്തുവന്ന അദ്ദേഹം അലഹബാദ് ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. ഈ കാലയളവിൽ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളിൽ പങ്കെടുത്തുകൊണ്ട് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രയത്നിച്ച മഹാത്മാക്കളിൽ ഒരാളായി. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ വളരെക്കാലം ജയിലിൽ കഴിയേണ്ടിവന്നു. ധാരാളം വായിക്കുവാനും എഴുതുവാനും അവസരം കണ്ടെത്തി. ഇന്ത്യയെ കണ്ടെത്തൽ, ഒരച്ഛൻ മകൾക്കയച്ച കത്തുകൾ, ഈ ഗ്രന്ഥങ്ങൾ അദ്ദേഹത്തെ ഒരു സാഹിത്യകാരൻ എന്ന നിലയിൽ അറിയപ്പെടാൻ തുടങ്ങി. ലോകസമാധാനത്തിനുവേണ്ടി പ്രയത്നിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി. നെഹ്റുവിന്റെ ഭാര്യ കമലാഭായിയും മകൾ മുൻപ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയും ആയിരുന്നു. ശിശുക്കളെ കൂടുതൽ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രയത്നിക്കുകയും ചെയ്തതുകൊണ്ട് നമ്മൾ അദ്ദേഹത്തിന്റെ ജന്മദിനം ശിശുദിനമായി ആഘോഷിക്കുന്നു.

## ശ്രീനാരായണഗുരു

1856-ൽ തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തിയിലാണ് ജനിച്ചത്. നാണു എന്നാണ് കുട്ടിക്കാലത്ത് ശ്രീനാരായണനെ വിളിച്ചിരുന്നത്. നാണുവിന്റെ മാതാപിതാക്കളായിരുന്നു മാടനാശാനും കുട്ടിയമ്മയും. നാണുവിന് മൂന്ന് സഹോദരങ്ങളുണ്ടായിരുന്നു. 5-ാം വയസ്സിൽ എഴുത്തിനിരുത്തിയ അദ്ദേഹത്തെ 'ഹരിശ്രീ' എഴുതിച്ചത് പാർവ്വത്യകാർ (ഗ്രാമഉദ്യോഗസ്ഥൻ) ആയിരുന്നു. അമ്മാവൻമാരിൽ നിന്നും അദ്ദേഹം സംസ്കൃതം പഠിച്ചു. പുസ്തകവായനയിൽ താത്പര്യമുണ്ടായിരുന്ന അദ്ദേഹം തമിഴ്കൃതികളായ തൊൽകാപ്പിയം, മണിമേഖല, ചിലപ്പതികാരം, തിരുക്കുറൽ എന്നിവ പഠിച്ചു. മഹാനായ അവധൂതൻ (സ്വാമി) സാമൂഹ്യപരിഷ്ക്കർത്താവ് എന്നീ നിലകളിൽ പ്രശസ്തി നേടി. സമൂഹത്തിൽ നിലനിന്നിരുന്ന തീണ്ടൽ, തൊടീൽ, ജാതിവ്യത്യാസം ഇവയ്ക്കെതിരെ പോരാടി. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന മഹത്തായ സന്ദേശം പ്രസിദ്ധമാണ്. 1928 സെപ്റ്റംബർ 20-ന് ശിവഗിരിയിൽ സമാധിയായി.

"ഇതുപോലെ തയ്യാറാക്കപ്പെടുന്നതാണ് 'തൂലികാചിത്രം'. തൂലികാചിത്രത്തിൽ എന്തെല്ലാം ഉണ്ടായിരിക്കണമെന്നും അതിന്റെ സവിശേഷതകൾ എന്തെല്ലാമായിരിക്കണമെന്നും തുടർന്ന് ചർച്ച ചെയ്യുക.

**പ്രവർത്തനം 3**

(കൂടുതൽ തൂലികാചിത്രങ്ങൾ തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കാം.)

"ഇതുപോലെ മഹാൻമാരെക്കുറിച്ചുള്ള തൂലികാചിത്രങ്ങൾ നമുക്ക് നിർമിച്ചാലോ?"

"ഏതെല്ലാം മഹാൻമാരെക്കുറിച്ചാണ് നമുക്ക് തൂലികാചിത്രങ്ങൾ നിർമ്മിക്കാൻ സാധിക്കുക."

(കുട്ടികൾ പറയുന്ന പേരുകൾ ബോർഡിൽ രേഖപ്പെടുത്താം. ഉദാ: ഗാന്ധിജി, നെഹ്റു, ശ്രീനാരായണഗുരു, ഡോ: ബി. ആർ. അംബേദ്കർ, പഴശ്ശിരാജ, ടിപ്പുസുൽത്താൻ, ഇന്ദിരാഗാന്ധി....)

ഗ്രൂപ്പിംഗ് : (ബോർഡിലെഴുതിയ മഹാൻമാരുടെ പേരുകൾ പറഞ്ഞ് ഗ്രൂപ്പ് തിരിക്കാം.)

തൂലികാചിത്രം അവതരിപ്പിക്കുമ്പോൾ ക്ലാസ്സിൽ നടക്കേണ്ട പ്രക്രിയാഘട്ടങ്ങൾ

- ആഖ്യാനം (ആവശ്യബോധം)
- വിവരശേഖരണം (വായനാസാമഗ്രി)
- രേഖപ്പെടുത്തൽ
- ക്രമപ്പെടുത്തൽ
- വിലയിരുത്തൽ (ഗ്രൂപ്പിൽ)
- മെച്ചപ്പെടുത്തൽ
- അവതരണം (പൊതുപ്രകാശനം)

ദിനാചരണവേളകളിൽ തൂലികാചിത്രം എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം?

## കവിയെ പരിചയപ്പെടാം

പാഠപുസ്തകത്തിൽ നാം പരിചയപ്പെട്ട കവികളുടെ തൂലികാചിത്രം തയ്യാറാക്കാമോ?

- നമ്മുടെ പ്രധാനമന്ത്രി
- മുഖ്യമന്ത്രി
- വിദ്യാഭ്യാസമന്ത്രി
- രാഷ്ട്രപതി

## നോട്ടീസ്

- "നിങ്ങൾ തയ്യാറാക്കിയ തൂലികാചിത്രങ്ങൾ വളരെ മനോഹരമായിരിക്കുന്നു. മാത്രമല്ല, മഹാൻമാരെക്കുറിച്ചുള്ള വളരെയധികം വിവരങ്ങളും ലഭിച്ചു. ഈ വിവരങ്ങൾ നമ്മുടെ വിദ്യാലയത്തിലെ എല്ലാവരേയും അറിയിക്കാൻ എന്താണൊരു വഴി?"

(കുട്ടികൾ സ്വതന്ത്രമായി പറയുന്ന കാര്യങ്ങൾ ബോർഡിൽ രേഖപ്പെടുത്താം.)

"പ്രദർശനം നടത്തിയാലോ?"

(പ്രദർശനം സംഘടിപ്പിക്കുന്നതിനുവേണ്ട ചർച്ച നടത്താം.)

പ്രദർശനം എപ്പോൾ? ദിവസം? സമയം? എവിടെ?

എങ്ങനെ? ആരെല്ലാം പങ്കെടുക്കണം? സ്വാഗതം, ഉദ്ഘാടനം

ആശംസ, നന്ദി മുതലായവ ചർച്ചചെയ്ത് പ്രദർശനത്തിനുവേണ്ട കുട്ടികളുടെ ഒരു കമ്മറ്റി രൂപീകരിക്കുകയും പുരോഗതി വിലയിരുത്തുകയും വേണം.

"നമ്മുടെ പ്രദർശനത്തെക്കുറിച്ച് മറ്റുള്ളവർ അറിയണ്ടേ?

എല്ലാ ക്ലാസ്സിലേയും മുഴുവൻ കുട്ടികളും ഈ വിവരം അറിയാൻ എന്തു മാർഗ്ഗമാണുള്ളത്?"

(നോട്ടീസ്, പോസ്റ്റർ, അസംബ്ലിയിൽ പറയാം തുടങ്ങിയ കാര്യങ്ങൾ കുട്ടികൾ പറയുമല്ലോ)

എന്താണ് പ്രദർശനത്തിന്റെ പ്രത്യേകത?

ഒരു നോട്ടീസ് തയ്യാറാക്കിയാലോ?

എന്താണ് നോട്ടീസിന്റെ പ്രത്യേകത?

ഗ്രൂപ്പിംഗ് : മാതൃകാനോട്ടീസുകൾ വിതരണം ചെയ്യുന്നു. ഓരോ ഗ്രൂപ്പും കിട്ടിയ നോട്ടീസ് വായിക്കട്ടെ.

## നോട്ടീസ് - പ്രത്യേകതരം

- വായിക്കാം
- നേരിൽ കണ്ട് പറയണമെന്നില്ല
- സൂക്ഷിക്കാം
- കൈമാറി വായിക്കാം

ഒരു നോട്ടീസിൽ എന്തെല്ലാം ഉൾപ്പെടുത്താം

ചർച്ച : വിവരങ്ങൾ ചാർട്ടിൽ രേഖപ്പെടുത്താം

നമ്മുടെ നോട്ടീസിലും ഈ സവിശേഷതകൾ വേണ്ടേ?

ഓരോരുത്തരും നോട്ടീസ് തയ്യാറാക്കട്ടെ.

(വ്യക്തിഗതരചനക്കുശേഷം ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെട്ട നോട്ടീസ് തെരഞ്ഞെടുക്കുന്നു.)

ഗ്രൂപ്പിലെ മെച്ചപ്പെട്ടത്

- ഒരാളുടേതാവാം മെച്ചപ്പെട്ടത്
- എല്ലാവരുംകൂടി തയ്യാറാക്കിയ ഒന്ന് (വ്യക്തിഗതരചന വായിച്ചതിനുശേഷം തയ്യാറാക്കിയത്)

(മെച്ചപ്പെട്ട നോട്ടീസ് മാനദണ്ഡം കുട്ടികൾ തന്നെ പറയട്ടെ)

ഗ്രൂപ്പിൽനിന്ന് കണ്ടെത്തിയ മെച്ചപ്പെട്ട നോട്ടീസ് ക്ലാസ്സിൽ ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. അധ്യാപികയുടെ സഹായത്തോടെ വിലയിരുത്തൽ നടത്തുന്നു. മെച്ചപ്പെടുത്തൽ നടത്തി വ്യക്തിഗത പുനർരചനക്ക് അവസരം നൽകുന്നു.

## തൂലികാചിത്ര പ്രദർശനം

സുഹൃത്തുക്കളേ,

ചേമ്പിലോട് ഗവ.എൽ.പി.സ്കൂളിലെ നാലാംക്ലാസ് വിദ്യാർത്ഥികൾ തയ്യാറാക്കിയ തൂലികാചിത്രങ്ങളുടെ ഒരു പ്രദർശനം 28-10-2006-ന് വെള്ളിയാഴ്ച 2 മണിക്ക് 4-ാം ക്ലാസിൽ വെച്ചുനടക്കുന്നു. ഇതിന്റെ ഉദ്ഘാടനം നമ്മുടെ ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ ശ്രീ. അജയൻ നിർവ്വഹിക്കുന്നു. ഈ പ്രദർശനത്തിലേക്ക് നിങ്ങളെ ഓരോരുത്തരേയും ഞങ്ങൾ സാദരം ക്ഷണിക്കുന്നു.

എന്ന്,

കൺവീനർ, പ്രദർശനക്കമ്മിറ്റി

**കാര്യപരിപാടികൾ**

| | | |
|---|---|---|
| പ്രാർത്ഥന | : | |
| സ്വാഗതം | : | ക്ലാസ് ലീഡർ |
| പ്രദർശനോദ്ഘാടനം | : | ബഹു. ഹെഡ്മാസ്റ്റർ ശ്രീ. അജയൻ |
| ആശംസകൾ | : | ക്ലാസ്ടീച്ചർ |
| | | അനുപമ N. K |
| | | ആതിര |
| നന്ദി | : | കൺവീനർ, പ്രദർശനകമ്മിറ്റി |

## പ്രക്രിയാഘട്ടങ്ങൾ - നോട്ടീസ്

- ആഖ്യാനം
- ചർച്ച (നോട്ടീസ് എന്തിന്, നോട്ടീസിൽ എന്തെല്ലാം?)
- മാതൃകാനോട്ടീസ് പ്രദർശനം (വൈവിധ്യമുള്ള നോട്ടീസുകൾ)
- വ്യക്തിഗതരചന
- അവതരണം ഗ്രൂപ്പിൽ (മെച്ചപ്പെട്ടത് കണ്ടെത്തുന്നു)
- വിലയിരുത്തൽ
- ടീച്ചർ വേർഷൻ
- പുനർരചന
- തയ്യാറാക്കപ്പെട്ട നോട്ടീസുകൾ വിതരണം ചെയ്യണം
- തൂലികാചിത്രത്തിന്റെ പ്രദർശനം നോട്ടീസിൽ പറഞ്ഞതുപോലെ സംഘടിപ്പിക്കുന്നു.
- തുടർപ്രവർത്തനം : ചർച്ച
- പ്രദർശനം എങ്ങനെയുണ്ടായിരുന്നു (പോരായ്മകൾ, നേട്ടങ്ങൾ)
- ഒരു പ്രദർശനം സംഘടിപ്പിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം.

(കുട്ടികൾ തയ്യാറാക്കിയ നോട്ടീസുകൾ ഭാഷാപുസ്തകത്തിലേക്ക് ചേർക്കാൻ നിർദ്ദേശിക്കുന്നു.)

## പത്രവാർത്ത

"നമ്മുടെ പ്രദർശനത്തെക്കുറിച്ച് സ്കൂളിലെ എല്ലാ കുട്ടികളും അറിയുന്നതിനുവേണ്ടിയാണല്ലോ നോട്ടീസ് തയ്യാറാക്കിയത്. ഈ വിവരം സ്കൂളിനുപുറത്തുള്ളവരേയും നമുക്കൊന്നറിയിച്ചാലോ? എന്തു മാർഗ്ഗമാണുള്ളത്."

- പത്രത്തിൽ ഒരു വാർത്ത കൊടുത്താലോ?
- വാർത്തയിൽ എന്തെല്ലാം കാര്യങ്ങൾ വേണം?
- വിവിധ വാർത്തകൾ കുട്ടികൾക്ക് നൽകി പരിചയപ്പെടുത്താൻ അവസരം നൽകുന്നു.

## പത്രവാർത്തകളുടെ സവിശേഷത

- തലക്കെട്ട്
- സമഗ്രത
- ലഘുവാക്യങ്ങൾ
- വസ്തുതകളുടെ അവതരണം

ഇതുപോലെ നമ്മുടെ വാർത്ത എഴുതി നോക്കാം.

വ്യക്തിഗതമായി വാർത്ത തയ്യാറാക്കുന്നു.

ഗ്രൂപ്പിൽ കൈമാറി വായിച്ച് വേണ്ട തിരുത്തലുകൾ നടത്തുന്നു.

മെച്ചപ്പെട്ടവ കണ്ടെത്തുന്നു
(ഗ്രൂപ്പിലെ മെച്ചപ്പെട്ടതോ ഗ്രൂപ്പ് ഉൽപന്നമോ കണ്ടെത്താം)

- അവതരണം
- ടീച്ചർ മാതൃക
- പത്രത്തിലേക്ക്

**പത്രവാർത്ത : അധ്യാപിക തയ്യാറാക്കിയത്**

**തൂലികാചിത്ര പ്രദർശനം നടത്തി**

ചേമ്പിലോട് : ചേമ്പിലോട് ഗവ. എൽ. പി. സ്കൂളിൽ മഹാൻമാരുടെ ചിത്രങ്ങളും ജീവിതത്തിലെ പ്രധാന സംഭവങ്ങളും വ്യക്തിത്വ വിശേഷങ്ങളും കോർത്തിണക്കിയ തൂലികാചിത്രങ്ങളുടെ പ്രദർശനം നടത്തി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. കെ. അജയൻ ഉദ്ഘാടനം ചെയ്തു. അനൂപ് സ്വാഗതവും സ്കൂൾ ലീഡർ അധ്യക്ഷതയും വഹിച്ചു. അനുപമ, ആതിര എന്നിവർ ആശംസകളർപ്പിച്ചു. പ്രദർശനകമ്മിറ്റി കൺവീനർ ബീന നന്ദി രേഖപ്പെടുത്തി.

## ഈ പുസ്തകത്തിൽ പരിഗണിച്ച വ്യവഹാരരൂപങ്ങൾ

- തൂലികാചിത്രം
- നോട്ടീസ്
- പത്രറിപ്പോർട്ട്
- ഡയറി
- നാടകം
- അഭിമുഖം
- കഥ
- സംഭാഷണം
- വിവരണം
- നിവേദനം
- നോട്ടീസ്
- പോസ്റ്റർ
- കത്ത്
- കവിത
- യാത്രാവിവരണം

## ഇനിയും പരിഗണിക്കേണ്ട വ്യവഹാരരൂപങ്ങൾ

- ആത്മകഥ
- പ്രസംഗം
- പ്രഭാഷണം
- വർണ്ണന
- ചിത്രംവര
- കഥാപ്രസംഗം
- സംഗ്രഹം
- ദൃക്സാക്ഷി വിവരണം
- പരാതി
- അപേക്ഷ
- കവിതയെ മറ്റു രൂപത്തിലേക്ക് മാറ്റുന്നതിന്
- നിർദ്ദേശിച്ച ആശയങ്ങളെ ചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നതിന്
- ആശംസകൾ, സന്ദേശങ്ങൾ എന്നിവയ്ക്ക് രൂപം നൽകുന്നതിന്.

## ഉൾപ്പെടുത്തിയ പാഠങ്ങൾ

1. കാടുണരുന്നു
2. കുഞ്ഞുപ്പാത്തുമ്മ
3. രണ്ടപ്പം
4. ജിറാഫുമായി അഭിമുഖം
5. പള്ളിക്കൂടത്തിലേക്ക്
6. മുന്നറിയിപ്പ്
7. കേരളഗാനം
8. ഉണർവ്വിന്റെ വഴി
9. മാടത്തക്കിളി
10. ചങ്ങാതി

കഥാപ്രസംഗം (പള്ളിക്കൂടത്തിലേയ്ക്ക്)

H. B. Page No. 150

H. B. Page No. 100

സംഗ്രഹം

H. B. Page No. 145 (89)

ലഘുപ്രഭാഷണം (ശുചിത്വമുള്ള വീട്) (പ്രസംഗം)

H. B. Page No. 108

T. B. Page No. 38

ആത്മകഥ (എഴുതാം, മായ്ക്കാം)

H. B. 105

വർണ്ണന (ഉദ്യാനദേവത)

H. B. 41, 42, 43

വാങ്മയീചിത്രം (കദളീവനം)

H. B. Page No. 180

ദൃക്സാക്ഷിവിവരണം (ഒളിച്ചുകളി)

T. B. No. 56, H. B. No. 126

പരാതി (ചെറിയ മനുഷ്യൻ)

T. B. 76, H. B. No. 158

## ശില്പശാലയിൽ പങ്കെടുത്തവർ

1. എൻ. മണി, ജി.എച്ച്.എസ്. കല്ലൂർ
2. എ. ജെ. ചെറിയാൻ, എസ്.എ.എ.യു.പി.എസ്, പഴൂർ
3. നളിനി.റ്റി. വി, അമ്മസഹായം യു.പി.എസ്, തെക്കുംതറ
4. വി. സക്കീന, ജി.യു.പി.എസ്, പരിയാരം
5. സൈനബ. സി, ജി.യു.പി.എസ്, മാതമംഗലം
6. ആർ. കെ. രാജശ്രീ, ജി.എൽ.പി.എസ്, പൈങ്ങാട്ടിരി
7. സി. കെ. പ്രതിഭ, ജി.എൽ.പി.എസ്. അപ്പാട്
8. സുനിൽ അലക്സ്, ജി.യു.പി.എസ്, സുഗന്ധഗിരി
9. എം. ടി. ബിജു, ജി.എൽ.പി.എസ്, മീനങ്ങാടി
10. വി. സി. തങ്കച്ചൻ, ജി.എൽ.പി.എസ്, കൊളവള്ളി
11. സോയി ആന്റണി, ജി.എൽ.പി.എസ്, ചേമ്പിലോട്
12. സനലാദേവി. കെ, ഡി.വി.വി.എച്ച്.എസ്, വേലിയമ്പം
13. അരുഷ. പി. ടി, എ.എൽ.പി.എസ്, പറളിക്കുന്ന്
14. ചാക്കോ പൊറ്റമ്പുഴ, വി.എൽ.പി.എസ്, പുതുശ്ശേരി
15. വിജയചന്ദ്രൻ. വി. ആർ, എസ്.ഡി.എം.എൽ.പി.എസ്, കൽപറ്റ
16. സജേഷ് കെ. വി, ജി.യു.പി.എസ്, എരുമക്കൊല്ലി

17. വി. അനിൽകുമാർ, ജി.യു.പി.എസ്, കൊളഗപ്പാറ
18. ഇമ്മാനുവേൽ ഒ. സി, ജി.എൽ.പി.എസ്, നെല്ലിയമ്പം
19. എം. കെ. സുന്ദർലാൽ, ബി.ആർ.സി, ബത്തേരി
20. ജയരാജ് കെ, ഗവ. എച്ച്.എസ്. അച്ചൂർ
21. ബിന്ദു തോമസ്, ജി.എൽ.പി.എസ്, കൽപറ്റ
22. യമുന എസ്, ജി.യു.പി.എസ്, മാനന്തവാടി
23. എച്ച്. ബി. സവിത, ജി.എൽ.പി.എസ്, പടിഞ്ഞാറത്തറ
24. എൻ. മുഹമ്മദ് സാലി, ജി.എച്ച്.എസ്.എസ്, പനങ്കണ്ടി
25. ബിനോയ്കുമാർ കെ. എൻ, ബി.ആർ.സി, മാനന്തവാടി
26. സി. കസ്തൂരിബായി, ജി.യു.പി.എസ്, കുപ്പാടി
27. മോനിയമ്മ ജോർജ്ജ്, സെന്റ് തോമസ് എ.എൽ.പി.എസ്, പുത്തൻകുന്ന്

ശില്പശാലയുടെ മേൽനോട്ടം : ശ്രീമതി കെ. ഇന്ദിര
ഡയറ്റ്, വയനാട്

# മൊഴിപ്പത്തായം
**Mozhippathayam**

**ചീഫ് എഡിറ്റർ** :

ജോർജ്ജ് ജോസഫ്
പ്രിൻസിപ്പാൾ, ഡയറ്റ്-വയനാട്

**എഡിറ്റർ** :

കെ. ഇന്ദിര
ലക്ചറർ, ഡയറ്റ്, വയനാട്

**സംശോധനം, ലേ - ഔട്ട്** :

പി. കെ. റെജി

**മുഖചിത്രം** : ശില്പം | കെ. എസ്. സുരേഷ്
Back cover : Painting | ഗവ. സർവ്വജന ഹയർസെക്കണ്ടറി സ്കൂൾ, ബത്തേരി

*(For private circulation only)*

കുട്ടികൾ അക്ഷരത്തെറ്റു കൂടാതെ എഴുതുന്നതിനുള്ള
മികച്ച ഉപാധി വായനയാണെന്നു പറയാം.
പാഠപുസ്തകങ്ങൾ മാത്രമല്ല, അവർക്കിഷ്ടപ്പെട്ട
മറ്റു പുസ്തകങ്ങളും അവർ വായിക്കട്ടെ.

**ജൈവവായന**

"പലപ്പോഴും അധ്യാപകർ അവരുടെ
താല്പര്യമനുസരിച്ചാണ് വായന പരിശീലിപ്പിക്കുന്നത്.
ഇത് കുട്ടിയിൽ വായനയോട് സ്വാഭാവികമായ
ആഭിമുഖ്യം ഉണ്ടാക്കിക്കൊള്ളണമെന്നില്ല.
കുട്ടിക്ക് സ്വന്തം ആവശ്യങ്ങൾക്കനുസരിച്ച് വായിക്കാനുള്ള
അവസരം അധ്യാപകൻ ഒരുക്കിക്കൊടുക്കുന്ന സന്ദർഭം
ഒന്നാലോചിച്ചുനോക്കൂ. വായനയോടുള്ള കുട്ടിയുടെ
താല്പര്യം സ്വാഭാവികമായി വളർന്നു
വികസിക്കുന്നതുകാണാം.
ഇത്തരം വായനയെ നമുക്ക് ജൈവവായന
എന്നു വിളിക്കാം.
അറിയുന്നതിൽനിന്ന് അറിയാത്തതിലേക്കും
സ്വന്തം സംസ്കാരത്തിൽനിന്നും
പുതിയ സംസ്കാരത്തിലേക്കും യാത്ര ചെയ്യാനുള്ള
ഒരുപായം പോലെ ജൈവവായന ഉപയോഗപ്പെടുത്തണം.
മനുഷ്യന്റെ ഉള്ളുതുറക്കാൻ ഇതുകൊണ്ടാകണം.
തുടക്കക്കാർക്ക് ജൈവവായന പുതിയ കാര്യമല്ല.
നമ്മളതിനെ നിരസിക്കുന്നതാണ് പുതിയകാര്യം."

**- ടീച്ചർ**
**സിൽവിയ ആസ്റ്റൺ വർണർ**